2016
ജൂൺ
Pages 08
Vol: 7
Issue No.6

# ക്രിസ്തീയ ദർശനം
CHRISTHEEYA DARSANAM

Published From Vadasserikara
Reg. No. KERBIL/2008/26466
Postal Reg. No.
KLPTA/89/2014-2016
ഒറ്റ പ്രതി: ₹10

സത്യവചനം സാഹോദര്യം സ്വാതന്ത്ര്യം സഹവർത്തിത്വം

## സൗത്ത് വെസ്റ്റ് കോൺഫറൻസിന് അനുഗ്രഹസമാപനം

● അടുത്ത കോൺഫറൻസ് 2017 ജൂൺ 9–11 കോപാസ്, ഡെന്റൺ, ടെക്സാസ്



**ഡാളസ്**: 30–ാമത് സൗത്ത് വെസ്റ്റ് കോൺഫറൻസ് ജൂൺ 9 വ്യാഴം മുതൽ 12 ഞായർ വരെ ഡാളസ് ലൗവ് ഫീൽഡ് ഇൻ ഹോട്ടലിൽ അനുഗ്രഹകരമായി നടന്നു.

പ്രഥമ സമ്മേളനം ബ്രദർ പൈലി വർഗീസിന്റെ പ്രാർത്ഥനയോടെ സമാരംഭിച്ചു. ബ്രദർ കെ.സി. മത്തായി കോൺഫറൻസ് ഉദ്ഘാടനം ചെയ്തു. പിന്നിട്ട മൂന്നു പതിറ്റാണ്ടിൽ അനുഭവിച്ച ദൈവകൃപയുടെ വിശകലനം അദ്ദേഹം നടത്തി.

ധൈര്യമുള്ള ശിഷ്യരാവുക എന്ന ക്യാമ്പ് തീം അധികരിച്ച് മൈക്ക് അറ്റ്വുഡ്, ആൽബേർട്ട് സുനിൽ, സജീവ് വർഗീസ്, ക്രിസ്റ്റ്യൻ റമിറീസ് എന്നിവർ ശക്തമായ ദൂത് നൽകി.

ധൈര്യശാലിയായ ശിഷ്യന്റെ വ്യക്തിത്വം വിളിയും തെരഞ്ഞെടുപ്പും, ധൈര്യം വിലകൊടുത്ത് നിലനിൽക്കുക, ധൈര്യശാലിയുടെ പ്രതിഫലം, ധൈര്യശാലിയായ ശിഷ്യനു ലഭിക്കുന്ന സമാധാനവും ആശ്വാസവും, ശിഷ്യന്റെ പ്രത്യാശ എന്നീ വിഷയങ്ങളിൽ സന്ദേശങ്ങൾ ലഭിച്ചു.

ക്രിസ്റ്റ്യൻ റമറീസ്, ബൻസിക് മിരാന്റാ എന്നിവർ പൗലോസിന്റെ ജീവിതം മരണം എന്നീ വിഷയങ്ങളിലും പഠനങ്ങൾ അവതരിപ്പിച്ചു. ഗ്രേസ്, സാറാ മാലി സഹോദരികൾ കുട്ടികൾക്കും സഹോദരിമാർക്കുമായി പ്രത്യേകം ക്ലാസുകൾ എടുത്തു.

വയലുകളിൽ നിന്നുള്ള പ്രവർത്തന റിപ്പോർട്ടും സാക്ഷ്യങ്ങളും താലന്തു വിനയോഗവും കൂടിവരവിനെ സന്തോഷനിർഭരമാക്കി.

ബ്രദർ അലക്സാണ്ടർ കുര്യന്റെ പ്രാർത്ഥനയോടും ആശീർവാദത്തോടുംകൂടി സമ്മേളനം പര്യവസാനിച്ചു. 850 ഓളം സഹോദരീസഹോദരന്മാർ കോൺഫറൻ സിൽ പങ്കെടുത്തു.

സാം കെ.ജോൺ, ജോജി പാറയിൽ, സിസ്റ്റർ മിനി അലക്സാണ്ടർ, ജോർജ്ജ് കുര്യൻ, കോരുത് ഏബ്രഹാം, റ്റി.ജി. തങ്കച്ചൻ, കെവിൻ തോമസ് എന്നിവർ വിവിധ ശുശ്രൂഷകൾ നിർവ്വഹിച്ചു. ജോസ് ചെറിയാൻ, ജെ.പി. രാജൻ, ഫിലിപ്പ് കെ. ആൻഡ്രൂസ് എന്നിവരുടെ നേതൃത്വത്തിൽ ഗാനശുശ്രൂഷ അനുഗ്രഹമായി. പി.റ്റി. ഫിലിപ്പ്, പൈലി വർഗീസ്, റോജി വർഗീസ്, ജെറി മോഡിയിൽ എന്നിവരുടെ നേതൃത്വത്തിലായിരുന്നു കോൺഫറൻസ് നടന്നത്.

അടുത്ത കോൺഫറൻസ് 2017 ജൂൺ 9 മുതൽ 11 വരെ ടെക്സസിൽ ഡെന്റണിൽ നടക്കും.

## മേഖലാസമ്മേളനം പയ്യന്നൂരിൽ

**കുമ്പനാട്**: കെ.ഇ.എം. ഫണ്ടിൽ നിന്നും സ്ഥിരമായി സാമ്പത്തിക സഹായം ലഭിക്കുന്ന കണ്ണൂർ, കാസർകോട് ജില്ലകളിലെ കമന്റഡ് പ്രവർത്തകർക്കായി ഒരു വിശേഷാൽ സമ്മേളനം നടത്തുന്നു. ആഗസ്റ്റ് 12 വെള്ളി രാവിലെ 10 മുതൽ 3.30 വരെ പയ്യന്നൂർ ഗാന്ധിപാർക്കിനു സമീപമുള്ള റ്റീപീ ചൈതന്യഹാളിൽ നടക്കുന്ന മേഖലാസമ്മേളനത്തിൽ സുവിശേഷകന്മാർക്ക് പങ്കെടുക്കാം. വയൽ വിശേഷങ്ങൾ പങ്കുവയ്ക്കുവാനും വചനകേൾവിക്കും പ്രാർത്ഥനയ്ക്കും അവസരം ലഭിക്കും.

**പി.ഇ. സാംകുട്ടി (സെക്രട്ടറി)**

## ചുമതലയേറ്റു



**വടശ്ശേരിക്കര:** ക്രിസ്തീയ ദർശനം വാർത്താ പത്രികയുടെ പത്രാധിപരായി ബ്രദർ സി.റ്റി. ജോണിക്കുട്ടി ചുമതലയേറ്റു. ക്രിസ്തീയദർശനം ഓഫീസിൽ നടന്ന എഡിറ്റോറിയൽ ബോർഡ് യോഗത്തിൽ ബ്രദർ വർഗീസ് തോമസാണ് നാമനിർദ്ദേശം ചെയ്തത്. പ്രസാധകൻ ബ്രദർ രാജു കെ. തോമസ് അദ്ധ്യക്ഷനായിരുന്നു.

പത്രപ്രവർത്തന രംഗത്ത് കാൽ നൂറ്റാണ്ടിന്റെ അനുഭവ സമ്പത്തുള്ള സി.റ്റി. ജോണിക്കുട്ടി നിയോഗം, ഇന്ത്യൻ ബ്രദറൺ എന്നിവയുടെ ചീഫ് എഡിറ്ററായി പ്രവർത്തിച്ചിട്ടുണ്ട്. ബ്രദറൺ ആനുകാലികങ്ങളിലും ഇതര പ്രസിദ്ധീകരണങ്ങളിലും ലേഖനങ്ങൾ എഴുതുന്നു.

ബൈബിൾ സാഹിത്യ പ്രവർത്തക സമിതിയുടെ സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്. ബ്രദറൺ ഗോസ്പൽ ഫെലോഷിപ്പ് പ്രസിഡന്റും ബ്രദറൺ ബൈബിൾ റിസേർച്ച് സെന്റർ ഡയറക്ടർ ബോർഡ് അംഗവും ശാന്തിദൂത് പബ്ലിക്കേഷൻസ് പ്രസാധകനുമാണ്.

## ബഥനി ബൈബിൾ സ്കൂൾ 68–ാമത് ബാച്ച് ആരംഭിച്ചു

**കുമ്പനാട്:** ബഥനി ബൈബിൾ സ്കൂളിന്റെ 68–ാമത് ബാച്ച് ജൂൺ 6 ന് ആരംഭിച്ചു. വിവിധ സ്ഥലം സഭകളിൽ നിന്നായി 9 സഹോദരന്മാർ പ്രവേശനം നേടി. ബഥനി ബൈബിൾ സ്കൂളിനെയും പ്രവർത്തനങ്ങളെയും പ്രാർത്ഥനയിൽ ഓർത്താലും

**സി.എ. ജോർജ്ജ്, സെക്രട്ടറി**

## എം.ഇ.സിയുടെ ഗാനങ്ങളിലെ ദൈവശാസ്ത്രം വിസ്മയാവഹം: ഐസക് മണ്ണൂർ



ബിഎസ്പിഎസ്. സമ്മേളനം ബ്രദർ ഐസക് മണ്ണൂർ ഉദ്ഘാടനം ചെയ്യുന്നു. സി.റ്റി. ജോണിക്കുട്ടി, ജോർജ്ജ് കോശി, ജെ.സി. ദേവ്, പി.എ. എബ്രഹാം, ജോസഫ് മാത്യു, എം.വി. ബാബു, എസ്. സഞ്ജീവി എന്നിവർ സമീപം.

**പൊൻകുന്നം:** മുന്നൂറിൽപരം ക്രിസ്തീയഗാനങ്ങളുടെ രചനയിലൂടെ എം.ഇ.ചെറിയാൻ ദൈവശാസ്ത്രശാഖകളെ സരളമായി സാധാരണക്കാരന് സമ്മാനിച്ചു. യൂസ്തൂസ് ജോസഫ്, കെ.വി. സൈമൺ, ടി.കെ. സാമുവേൽ തുടങ്ങിയ ഗാനരചയിതാക്കൾക്കൊപ്പം കിടയറ്റ സ്ഥാനമാണ് എം.ഇ.സിയുടേത്. ദൈവശാസ്ത്രവിഷയത്തിൽ എം.ഇ.സിയുടെ അഗാധജ്ഞാനം ഗാനങ്ങളിലൂടെ മനസ്സിലാക്കാൻ സാധിക്കും. ബ്രദർ ഐസക് മണ്ണൂർ പ്രസ്താവിച്ചു. ബൈബിൾ സാഹിത്യ പ്രവർത്തകസമിതി എം.ഇ.ചെറിയാൻ ഗാനങ്ങളിലെ ദൈവശാസ്ത്രം എന്ന വിഷയത്തിൽ ജൂൺ 17 ന് പൊൻകുന്നം ബ്രദറൺ ചർച്ചിൽ നടത്തിയ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

അലക്സ് കാഞ്ഞുപ്പറമ്പിൽ, ഗോഡ്ലി കുര്യൻ എന്നിവരുടെ പ്രാർത്ഥനയോടെ ആരംഭിച്ച സമ്മേളനത്തിൽ സമിതി പ്രസിഡന്റ് ജോസഫ് മാത്യു അദ്ധ്യക്ഷനായിരുന്നു. സെക്രട്ടറി എം.വി ബാബുവിന്റെ ആമുഖപ്രഭാഷണത്തിൽ സാഹിത്യസമ്മേളനങ്ങളുടെ ആവശ്യകത പ്രസ്താവിച്ചു. എസ്. സൻജീവി സ്വാഗതവും ഷാജി ചീങ്കയിൽ റിപ്പോർട്ടും അവതരിപ്പിച്ചു.

വിജ്ഞാനപ്രദമായിരുന്നു ജെ.സി. ദേവിന്റെ പ്രബന്ധം. ക്രിസ്തീയ കീർത്തനശാഖയിലെ എം.ഇ. ചെറിയാന്റെ സംഭാവനകളും ജനങ്ങളുടെ മദ്ധ്യത്തിൽ അതിന്റെ സ്വാധീനതയും അദ്ദേഹം വ്യക്തമാക്കി. ചെറിയാൻ ഗാനങ്ങളിലെ ദൈവശാസ്ത്രം സംബന്ധിച്ച ഉൾക്കാഴ്ച പകരുന്നതായിരുന്നു പ്രബന്ധം.

ജോർജ്ജ് കോശി. പി.ഇ. സാംകുട്ടി, ഒ.ജെ.ജോൺ, സി.റ്റി. ജോണിക്കുട്ടി, ഉണ്ണികൃഷ്ണൻ നമ്പൂതിരി, പി.എ. ഏബ്രഹാം മാലം എന്നിവർ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു. ലീലാമ്മ കുറിയാക്കോസ്, ജോസ് തോമസ് പാക്കിൽ എന്നിവർ രചനകൾ അവതരിപ്പിച്ചു. 1986 മുതൽ സമിതിയുടെ സജീവസാന്നിദ്ധ്യമായിരുന്ന കമ്മറ്റിയംഗം പി.പി. കുരുവിളയുടെ വേർപാടിൽ സമ്മേളനം ദുഃഖം പങ്കുവച്ചു. തിരുവട്ടാർ കൃഷ്ണൻകുട്ടി, പള്ളം വർഗീസ് എന്നിവരുടെ വാർദ്ധക്യകാല രോഗങ്ങളും ക്ഷീണാവസ്ഥയും ആശങ്കയോടെ സമ്മേളനംപ്രാർത്ഥനയ്ക്കായി സമർപ്പിച്ചു.

ലിജോ വർഗീസ് പാലമറ്റം കൃതജ്ഞത പ്രകാശിപ്പിച്ചു. പി.എ. സാമുവേലിന്റെ പ്രാർത്ഥനയോടെ 1.30 ന് സമ്മേളനം പര്യവസാനിച്ചു. സാഹിത്യകാരന്മാരും സാഹിത്യാസ്വാദകരുമടങ്ങിയ വലിയ സദസ് പങ്കെടുത്തു.

## ബൈബിൾ ക്വിസും സമ്മാനദാനവും കല്ലിശ്ശേരിയിൽ

**കോട്ടയം:** ബ്രദറൺ ബൈബിൾ റിസേർച്ച് സെന്ററിന്റെ ചുമതലയിൽ പുറപ്പാടു പുസ്തകത്തെ അധികരിച്ചു നടത്തിയ ബൈബിൾ ക്വിസിൽ വിജയിച്ചവർക്ക് സമ്മാനദാനവും യോശുവയുടെ പുസ്തകത്തിന്റെ ക്വിസും കല്ലിശ്ശേരി ബി.ബി.സി. ഓഡിറ്റോറിയത്തിൽ നടക്കും.

ജൂലൈ 6 ന് രാവിലെ 10 മണിക്ക് ആരംഭിക്കുന്ന പരിപാടികൾ 4 ന് സമാപിക്കും. 10 ന് ആരംഭിക്കുന്ന ക്വിസ് പ്രോഗ്രാമിൽ ലളിതമായ ചോദ്യങ്ങളാണ് ഇത്തവണ തയ്യാറാക്കിയിരിക്കുന്നത്. പ്രത്യേക ഫീസ് ഈടാക്കുന്നില്ലെങ്കിലും പ്രാപ്തിപോലെ ഫെയ്ത്ത് ബോക്സിൽ നിക്ഷേപിക്കാവുന്നതാണ്.

ഉച്ചയ്ക്ക് 2 ന് ആരംഭിക്കുന്ന പൊതുസമ്മേളനത്തിൽ വിശിഷ്ടവ്യക്തികളും ദൈവദാസന്മാരും പങ്കെടുക്കും. മുൻ ക്വിസിൽ വിജയിച്ചവർക്കും പങ്കെടുത്തവർക്കും സമ്മാനങ്ങൾ നൽകും.

വചനപഠനത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്ന ഈ പരിപാടിയിൽ സുവിശേഷകന്മാർ, സഭാശുശ്രൂഷകർ, സഹോദരീ സഹോദരന്മാർ തുടങ്ങി എല്ലാവർക്കും പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക.

**944786859, 9447124260, 9447601955**

## എഡിറ്റോറിയൽ

# അന്യോന്യം പോരിനു വിളിക്കരുത്

യുദ്ധം ഒരിക്കലും നന്മ നല്കിയിട്ടില്ല. അംഗഭംഗങ്ങളും മരണവും ദുഃഖങ്ങളും മാത്രം സമ്മാനിക്കുന്നു. അന്യമാകുന്ന കുടുംബങ്ങളും അനാഥമാകുന്ന ഭവനങ്ങളും യുദ്ധത്തിന്റെ ശേഷിപ്പുകളാണ്. പണിതുയർത്തിവയെല്ലാം നിലം പൊത്തും. സംഭരിച്ചുവച്ചവയെല്ലാം കൊള്ളയടിക്കപ്പെടും. രണ്ടു ചേരിയിലും പരിഹരിക്കാനാവാത്തവിധം നഷ്ടങ്ങൾ ഉണ്ടാകും.

ആധിപത്യം ഉറപ്പിക്കാനും കൂടുതൽ മേഖലകൾ സ്വന്തമാക്കാനും താൻ മാത്രം ശരിയെന്ന് പുറംലോകത്തെ ബോധ്യപ്പെടുത്തുവാനുമാണ് മിക്കയുദ്ധങ്ങളും പോർവിളികളും. ചിലപ്പോൾ ആ ലക്ഷ്യങ്ങളെല്ലാം അക്ഷരംപ്രതി നിറവേറപ്പെടുകയും ചെയ്തേക്കാം. എല്ലാം നേടുമ്പോഴും മനസാക്ഷിയുടെ വിസ്താരത്തിൽ സ്വയം കുറ്റക്കാരനായി ശിക്ഷ അനുഭവിച്ച് ആയുസ്സ് മുഴുവനും കഴിച്ചു കൂട്ടേണ്ടിവന്നാലോ?

രാഷ്ട്രങ്ങൾ, രാജ്യങ്ങൾ, മതങ്ങൾ, കുടുംബങ്ങൾ, വിശ്വാസങ്ങൾ, പ്രത്യയശാസ്ത്രങ്ങൾ ഇവയൊക്കെ തമ്മിലും കടുത്ത പോരാട്ടങ്ങൾ, രക്തചൊരിച്ചിലുകൾ എല്ലാം ചരിത്രത്തിൽ ഉണ്ടായിട്ടുണ്ട്. ശേഷിച്ച കഷണമായി യുദ്ധാനന്തര ചരിത്രവും ഉണ്ട്. അവ നഷ്ടങ്ങളുടെ മാത്രം കണക്കെടുപ്പായിരുന്നു.

എതിരാളിയെ ഗോദയിൽ കീഴ്പ്പെടുത്തി തറപറ്റിക്കുകയാണ് ഏതൊരു മല്ലുകെട്ടുകാരന്റെയും ആത്യന്തിക ലക്ഷ്യം.

എതിരാളിയുടെ ദുർബ്ബലഭാഗം എവിടെയാണെന്ന് അന്വേഷിക്കയും കണ്ടെത്തുകയും ചെയ്യുകയാണ് പ്രഥമപരിപാടി. ആ അന്വേഷണ യാത്രയിൽ പൈതൃകം, കുടുംബം,മക്കൾ, മരുമക്കൾ, മുൻകാലചരിത്രം, വർത്തമാനകാലം, ഇടപാടുകൾ, ലക്ഷ്യങ്ങൾ ഇവയെല്ലാം പരിശോധിക്കപ്പെടും.

സ്വന്തം ജീവിതം, അതിന്റെ പരിമിതികൾ, ഈ യുദ്ധത്തിൽ തനിക്കും ഭവനത്തിനും നേരിടാൻ സാധ്യതയുള്ള നഷ്ടങ്ങൾ, പരിക്കുകൾ ഇവയൊന്നും വികാരവേലിയേറ്റത്തിൽ അപക്വമതികൾ ശ്രദ്ധിക്കാറേയില്ല. താൻ മാത്രമാണല്ലോ ശരി?

മുൻ ലോക ബോക്സിംഗ് ചാമ്പ്യൻ മുഹമ്മദലിയുടെ മരണവും നാം കണ്ടു. മുഴുവൻ എതിരാളികളെയും കീഴ്പ്പെടുത്തി അംഗീകാരത്തിന്റെ നെറുകയിൽ താൻ എത്തി. മുഹമ്മദലിയുടെ റാമ്പിലെ യുദ്ധങ്ങൾ കായികലോകത്തിന്റെ ഭാഗമായിരുന്നു. വിനോദത്തിന്റെ ഭാഗമായിരുന്നു. അതിന് മുഴുവൻ ജനങ്ങളുടെയും പിന്തുണയുണ്ടായിരുന്നു. വ്യക്തിഗത നേട്ടമാണെങ്കിലും ഒളിമ്പിക്സിലും ഇതര മത്സരവേദികളിലും ഒരു രാജ്യത്തിന്റെ പ്രതിനിധിയായിരുന്നു താൻ.

ഇന്നു വാക്പയറ്റും പോരും മാധ്യമങ്ങളുടെ സന്തോഷമാണ്. ഈ യുദ്ധങ്ങളിലൂടെ വായനക്കാർ കൂടുകയല്ല. വിമർശകർ വർദ്ധിക്കുകയാണ് ചെയ്യുന്നത്. എന്തിനാണ് ഈ ചെളിവാരി എറിയലിന് മാധ്യമങ്ങൾ കൂട്ടുനിൽക്കുന്നതെന്ന് പരമാർത്ഥികൾ ചോദിക്കുന്നു. വിമർശനഭ്രാന്ത് മൂത്ത് ചിലവർഷങ്ങൾക്കുമുമ്പ് ഒരു പത്രം തന്നെ ഇറക്കി സംതൃപ്തി കണ്ടെത്തി ഒരു മിടുക്കൻ. കുറപ്പേരെ അരിഞ്ഞുവീഴ്ത്തി. കീശ ചോർന്നു. നിർത്തുവാൻ നിരവധിപേർ ഉപദേശിച്ചു. ഇന്ന് സഹായിക്കുന്ന പത്രങ്ങളെ സഹായത്തിന് വിളിക്കയാണ്. സ്വയ നീതീകരണത്തിനുള്ള ചെപ്പടി വിദ്യകളും ഭാഷകളും എല്ലാം പിശാച് ഇക്കൂട്ടർക്കു നൽകുമെങ്കിലും ദൈവഹൃദയം ഈ കാലഘട്ടത്തിൽ സങ്കടപ്പെടുന്നു എന്ന് തിരിച്ചറിയുന്നത് എത്ര പേരാണ്?

വെട്ടുന്നവനെയും മുറിവേൽക്കുന്നവനെയും ലോകത്തിന് അറിയാം. ആരും ആരെയും പരിചയപ്പെടുത്തിക്കൊടുക്കേണ്ടതില്ല. തെറ്റുകാരനെയും ശരികാരനെയും സമൂഹം മനസ്സിലാക്കിയിട്ടുണ്ട്. സ്വയനീതീകരണം കൊണ്ട് ആരും നിലനിൽക്കയില്ല. (വേർപാടു കുടുംബത്തിലെ മക്കളെ അന്യോന്യം അറിയാത്തവരുണ്ടോ)?

പൗലോസ് ഗലാതൃർക്കെഴുതുമ്പോൾ (5:26) നിങ്ങൾ അന്യോന്യം പോരിന് വിളിക്കരുത്, അന്യോന്യം അസൂയപ്പെടരുത്, അന്യോന്യം വൃഥാഭിമാനികൾ ആകരുത് എന്ന് ഓർമ്മപ്പെടുത്തുന്നു. താക്കീതു ചെയ്യുന്നു. ആറാം അദ്ധ്യായം ആരംഭിക്കുമ്പോൾ സൗമ്യതയുടെ ആത്മാവിൽ യഥാസ്ഥാനപ്പെടുത്താനും ഭാരം ചുമക്കാനുമുള്ള ക്രിസ്തുവിന്റെ ന്യായപ്രമാണം നൽകുകയാണ്. കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ എന്നു കർത്താവും പരിശുദ്ധാത്മാവും പറയുന്നു.

ക്രിസ്തീയ ദർശനം CHRISTHEEYA DARSANAM

എഡിറ്റർ **സി. റ്റി. ജോണിക്കുട്ടി** 9447601955
പ്രസാധകൻ **രാജു കെ. തോമസ്** 9447074308
മാനേജിങ് എഡിറ്റർ **നിനോ കെ. തോമസ്** 9947744455
എഡിറ്റോറിയൽ ബോർഡ് **വർഗീസ് തോമസ്, ജേക്കബ് സാം, ലിജോ വർഗീസ് പാലമറ്റം, ജോസഫ് മാത്യു, സാജൻ കുരവയ്ക്കൽ, ജോമോൻ തോമസ്, സി. സത്യദാസ്, ജോൺസൻ പി. സാം, പി.പി. വർഗീസ്**
വിദേശ പ്രതിനിധികൾ **സുനിൽ തോമസ്, ഫിലിപ്പ് കെ. ആൻഡ്രൂസ്, ബിജോയ് പുന്നൻ, റോജി വർഗീസ്, ബിജോയ് തോമസ്.**

ക്രിസ്തീയദർശനത്തിലേക്കുള്ള
**രചനകൾ, കുറിപ്പുകൾ, അറിയിപ്പുകൾ**
**ക്രിസ്തീയദർശനം, പോസ്റ്റ് ബോക്സ് 3**
**എരുമേലി പി.ഒ. 686509**
**എന്ന വിലാസത്തിൽ അയച്ചാലും.**

## ധ്യാനം

# മനസിനെ ഉണർത്തുക ശക്തിപ്പെടുത്തുക



**കെ**ട്ടിക്കിടക്കുന്ന വെള്ളം മലിനമാകും. ഉപയോഗിക്കാതിരിക്കുന്ന ഇരുമ്പ് തുരുമ്പിക്കും. അലസ്സമായ മനസ്സും അതുപോലെയാണ്.

നമ്മിൽ പലരും നമ്മുടെ കഴിവുകളെക്കുറിച്ചു മനസ്സിലാക്കിയിട്ടില്ലെന്നുള്ളതാണ് വാസ്തവം. തന്നിൽ സഹജമായിട്ടുള്ള ഗുണവിശേഷങ്ങൾ വികസിപ്പിച്ചാൽ ഏതൊരാൾക്കും ജീവിതത്തിൽ മഹത്തായ നേട്ടങ്ങൾ ഉളവാക്കുവാൻ സാധിക്കും. മനോമണ്ഡലത്തിൽ അഭിലഷണീയമായ പരിവർത്തനങ്ങൾ വരുത്തുവാൻ കഴിയുന്നവർക്ക് വശ്യതയാർന്ന വ്യക്തിത്വം നേടാൻ ബുദ്ധിമുട്ടേണ്ടിവരികയില്ല.

ജീവിതത്തിന്റെ ഒട്ടുമിക്ക അംശങ്ങളും മനുഷ്യനു നിയന്ത്രിക്കാവുന്നതേയുള്ളു. യുക്തിപൂർവ്വം ചിന്തിക്കാനും തദനുസരണം ജീവിക്കാനും പഠിച്ചവരാണ് മഹാന്മാരായിത്തീർന്നിട്ടുള്ളത്. സ്വന്തം കഴിവുകളെക്കുറിച്ചും, അവ ഫലപ്രദമായ രീതിയിൽ വിനിയോഗിക്കേണ്ട രീതികളെക്കുറിച്ചും മനസ്സിലാക്കി അതനുസരിച്ചു ജീവിതം കരുപ്പിടിപ്പിക്കാൻ ശ്രമിച്ചതിലൂടെയാണ് അവർക്ക് മഹത്വം കൈവന്നത്.

സ്വയം മനസ്സിലാക്കാനും ഉയർച്ചയിലേക്കുള്ള പടവുകൾ ചവിട്ടിക്കയറാനും ശ്രമിക്കാത്തതാണ് പലരുടെയും പരാജയത്തിനുകാരണം. ഉയരുവാനുള്ള അവസരങ്ങൾക്കു യാതൊരു ക്ഷാമവുമില്ലാത്ത ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. അവസരങ്ങൾ കണ്ടെത്തുവാനും അവ പ്രയോജനപ്പെടുത്തുവാനും ശ്രമിക്കണമെന്നു മാത്രം.

ലോകത്തിലെ മഹാത്ഭുതങ്ങളിൽ വച്ചേറ്റവും വലുത് എന്താണെന്ന് ചിന്തിച്ചിട്ടുണ്ടോ? അതാണ് മനുഷ്യന്റെ മനസ്സ്. ഇന്നു നാം കാണുന്ന അത്ഭുതകരമായ കണ്ടുപിടിത്തങ്ങളെല്ലാം അമൂല്യമായ ആ ശക്തിയിൽ നിന്നുടലെടുത്തതാണ്. മനശ്ശക്തി വികസിപ്പിച്ചെടുക്കാൻ കഴിഞ്ഞില്ലായിരുന്നെങ്കിൽ മനുഷ്യൻ ചന്ദ്രനിൽ കാലുകുത്തുമായിരുന്നോ?

ലോകത്തിലിന്നു നാം കാണുന്ന നന്മയ്ക്കും തിന്മയ്ക്കുമെല്ലാമാധാരം മനുഷ്യമനസ്സാണ്.

മനസ്സിനെ അനുയോജ്യമായ വിധത്തിൽ പരിശീലിപ്പിക്കാൻ കഴിഞ്ഞാൽ ജീവിതം പ്രസാദാത്മകമാക്കിത്തീർക്കാൻ ആർക്കും കഴിയും. നമ്മുടെ ഓരോ നീക്കത്തിന്റെയും പിന്നിൽ പ്രവർത്തിക്കുന്നതു നമ്മുടെ മനസ്സാണ്. ഓരോ പ്രവർത്തനത്തിൽ നിന്നും ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിലുള്ള പരിശീലനം മനസ്സിനു ലഭിക്കുന്നുമുണ്ട്.

സ്വന്തം വീട്ടിൽ സ്വസ്ഥമായിരിക്കുമ്പോഴും ഓഫീസിൽ ജോലി ചെയ്തുകൊണ്ടിരിക്കുമ്പോഴും, എന്നുവേണ്ട, സദാസമയവും നമ്മുടെ മനസ്സ് പ്രവർത്തനനിരതമാണ്. ബോധപൂർവ്വം നാം ചെയ്യുന്ന പ്രവർത്തനങ്ങളിൽ നിന്നെല്ലാം, ഏതെങ്കിലും തരത്തിലുള്ള പരിശീലനം മനസ്സിനു ലഭിച്ചുകൊണ്ടിരിക്കുന്നു. ഇത് സാധാരണക്കാരുടെ കാര്യം.

ചുരുക്കം ചിലരുണ്ട്. ചില നിശ്ചിതലക്ഷ്യങ്ങൾ മുന്നിൽകണ്ടുകൊണ്ട് അതിൽ തന്നെ ശ്രദ്ധചെലുത്തി അവർ മനസ്സിനെ ഏകാഗ്രമാക്കുന്നു. നാം നിസ്സാരമെന്നു കരുതി തള്ളിക്കളയുന്ന പലകാര്യങ്ങളും; സൂക്ഷ്മനിരീക്ഷണം ചെയ്ത് അവയിൽനിന്നു സുപ്രധാനമായ പല കാര്യങ്ങളും അവർ ഗ്രഹിക്കുന്നു. തങ്ങളുടെ സ്വഭാവരീതികളിൽ അനുഗുണമായ മാറ്റങ്ങൾ വരുത്താനും തള്ളേണ്ടതു തള്ളാനും കൊള്ളേണ്ടതു കൊള്ളാനും അവർ മനസ്സിനെ പരിശീലിപ്പിക്കുന്നു. ഒരു കാലത്ത് മറ്റു ബഹുഭൂരിപക്ഷം പേർക്കുമുള്ളതുപോലെയുള്ള ദുർബലമായ മനസാണവർക്കുമുണ്ടായിരുന്നത്. പക്ഷേ, ക്രമാനുഗതമായി വളർത്തിയെടുത്ത മനശ്ശക്തി, ഇപ്പോൾ അവരെ സവിശേഷ വ്യക്തിത്വത്തിനുടമകളാക്കി. പല കാര്യങ്ങളും പെട്ടെന്നു മനസ്സിലാക്കുവാനുള്ള കഴിവ് അവർക്കു നേരത്തെ ഇല്ലായിരുന്നു. ഇപ്പോൾ അതു പാടേ മാറി. ആദ്യകാലങ്ങളിൽ അവരുടെ മനസ്സ് വിട്ടിലിനെപ്പോലെ പല കാര്യങ്ങളിൽ .ഓടിച്ചാടി നടക്കുമായിരുന്നു ഇന്നതിനു വ്യതിയാനം വന്നു. ഒരു പ്രത്യേക വിഷയത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും പ്രശ്നങ്ങൾക്ക് നിഷ്പ്രയാസം പരിഹാരമാർഗ്ഗങ്ങൾ ഉടനുടൻ കണ്ടുപിടിക്കാനുമുള്ള കഴിവ് അന്നവർ നേടിക്കഴിഞ്ഞു. അവരുടെ അഭിപ്രായങ്ങളും ഉപദേശങ്ങളും ആരായാനും അവരുടെ നിർദ്ദേശങ്ങളനുസരിക്കാനും തയ്യാറാവുന്നവർ നിരവധിയാണ്.

ഇവരാണ് ആകർഷകമായ വ്യക്തിത്വം നേടിയവർ. നിങ്ങൾക്കും എന്തുകൊണ്ട് ഇവരെപ്പോലെ ആയിക്കൂടാ?

# ദൈവസഭ കെട്ടിടമോ?

2016 ജൂൺ ലക്കം സുവിശേഷകൻ മാസികയിൽ മമ്മിയും മോളിയും പംക്തിയിൽ സഭാഹാൾ ദൈവാലയം ആണെന്ന് എഴുതിക്കണ്ടു. ദർശനത്തിന്റെ മറുപടി അറിയിച്ചാലും.

**തോമസ് ചാക്കോ കോട്ടയം.**

സുവിശേഷകനിൽ വന്ന ആശയത്തിന് സംശയനിവാരണം അവരോടുതന്നെ ആവശ്യപ്പെടുന്നതാണ് ഉചിതം.

ഇപ്പോൾ ഈ പംക്തി എഴുതുന്നത് എം.ഇ.സിയും പി.കെ. മാത്യൂസും അല്ല എന്ന് ഒന്നാമത് അറിയണം. സുവിശേഷകന് 64 വർഷത്തിന്റെ പ്രായമുണ്ടെങ്കിലും വചനസത്യങ്ങളിൽ കൃത്യത ഉണ്ടായിരുന്ന പഴയകാലമുണ്ടെങ്കിലും പിഴവ് ആർക്കും എപ്പോഴും സംഭവിച്ചു എന്നു വരാം. അതേ ഇവിടെയും സംഭവിച്ചുള്ളു. വിഷയദാരിദ്ര്യം ഉണ്ടാകമല്ലോ.

ദൈവസഭ ആരാധനാലയമല്ല. കർത്താവിന്റെ ശരീരമായ സഭയാണ്. രക്ഷിക്കപ്പെട്ടവരുടെ കൂട്ടം. ദൈവസഭ കൂടി വരുന്ന ഇടത്തെ ദൈവാലയം എന്ന് വചനം പരിചയപ്പെടുത്തുന്നില്ല. പഴയനിയകാഴ്ചപ്പാടല്ല പുതിയനിയമത്തിലുള്ളത് പാതാളഗോപുരം ജയിക്കയില്ല എന്നു കർത്താവ് പറഞ്ഞത് സഭാഹാളുകളെക്കുറിച്ചല്ല. എന്റെ സഭ എന്ന് കർത്താവ് വിവക്ഷിച്ച ദൈവസഭയെക്കുറിച്ചാണ്.

പിശാചിന്റെ പ്രവർത്തന പദ്ധതികൾ തിരുവെഴുത്തിൽ നിന്നും പഠിച്ചാലേ ഇങ്ങനെയുള്ള കുഴപ്പങ്ങളിൽ ചാടാതെ ഇരിക്കൂ. പിശാച് 10 ദിവസം നിങ്ങളിൽ ചിലരെ തടവിൽ ആക്കും. വെളി 2:10. പൂട്ടിയിടൽ അല്ലേ അത്. ദാനിയേലിന്റെ പ്രാർത്ഥനയുടെ മറുപടി 21 ദിവസം തടഞ്ഞത്. ദാനി 9:23, 10:13.

പിശാചിന് സർവ്വശക്തിയില്ലെങ്കിലും ശക്തിയുണ്ട്. അവൻ ഇന്നേനും ദൈവജനത്തിനെതിരേ ശക്തിയോടെ പ്രവർത്തക്കുന്നുണ്ട്. ഊടാടി ലോം മുഴുവൻ സഞ്ചരിക്കുന്നു. ഈയ്യോബിനെപ്പോലുള്ളവരിൽ ദൃഷ്ടിവെക്കുന്നു. ചിലരെ ബന്ധിക്കുന്നു. തടവിലാക്കുന്നു, കൊല്ലുന്നു, സഭാഹാൾ അടപ്പിക്കുന്നു. ഇവയെല്ലാം അവൻ ചെയ്യും. എന്നാൽ ആത്യന്തിക വിജയം നമ്മുടെ കർത്താവിനും അവിടുത്തെ സഭയ്ക്കു മാത്രമായിരിക്കും.

## എസ്.ബി.എസ്. പ്രാർത്ഥനാ സമ്മേളനം

**കോട്ടയം:** കോട്ടയം സെന്റർ എസ്.ബി.എസിന്റെ സഹകരണത്തിൽ സുവിശേഷകൻ ബാലസംഘം ജനറൽ പ്രാർത്ഥനാസമ്മേളനം ജൂലൈ 1 ന് നടക്കും. സെന്റർ സെക്രട്ടറി പങ്ങടമാക്കാന്തടത്തിൽ ബിജു.എം. തോമസിന്റെ ഭവനത്തിൽ വൈകുന്നേരം 6.30 ന് ആരംഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 9061989773 എന്ന നമ്പറിൽ ബന്ധപ്പെടുക.

**സി.എം. ചാക്കോ.**



# നാം യഹോവയുടെ അടുക്കലേക്കു ചെല്ലുക



കെ.എ. ഫിലിപ്പ്

ഹോശയാപ്രവാചകന്റെ വാക്കുകളാണ് ഉദ്ധരിച്ചിരിക്കുന്നത് (6:1). യിസ്രായേലിന്റെ ഒരു ചരിത്രസന്ധിയിൽ പ്രവാചകനോ, അല്ലെങ്കിൽ ഏതാനും ദൈവഭക്തന്മാർ ചേർന്നോ പറഞ്ഞവാക്കുകളാണിത്. വടക്കെ രാജ്യമായ യിസ്രായേലിന്റെ പതനം ആസന്നമായ ഘട്ടത്തിലായിരുന്നു ഹോശയാ പ്രവചിച്ചത്. 25 വർഷത്തിനിടയിൽ 6 രാജാക്കന്മാർ ഭരിച്ച ഒരു കാലഘട്ടം. രാഷ്ട്രീയ അസ്ഥിരതയുടെ കാലമായിരുന്നു അത്. ജനം വിഗ്രഹങ്ങളുടെ പിന്നാലെ പോയി ദൈവികശിക്ഷ ഏറ്റുവാങ്ങുന്ന കാലം. എന്നാൽ ഏതാനും പേർക്ക് ദൈവിക ബോധമുണ്ടായി. അവർ അന്യോന്യം പ്രബോധിപ്പിക്കുകയും ഉത്സാഹിപ്പിക്കുകയും ചെയ്യുകയാണ്, "വരുവിൻ നാം യഹോവയുടെ അടുക്കലേക്ക് (തിരികെ) ചെല്ലുക". (Come, let us return to the Lord) ആ കാലഘട്ടത്തിന്റെ ആവശ്യമാണ് അവർ ഉന്നയിച്ചത്.

സർവ്വകാല പ്രസക്തിയുള്ള ഈ ആഹ്വാനത്തിന് ഇന്നുള്ള പ്രത്യേക പ്രസക്തിയാണ് ഇവിടെ ചൂണ്ടിക്കാണിക്കാനുള്ളത്. കാലത്തിന്റെ അവസാനഘട്ടത്തിലെത്തിയിരിക്കുന്ന നമുക്ക് ഇതിനെക്കാൾ മെച്ചമായ ഒരു മുദ്രാവാക്യം ഇല്ല തന്നെ. ലോകത്തിന്റെ അനേകവും വിവിധവുമായ ഇരുണ്ട വഴികളിലൂടെ നടന്ന് ദൈവത്തിൽനിന്ന് അകന്നുപോയ നമുക്ക് ദൈവവചനത്തിന്റെ കൈവിളക്കുമായി മടങ്ങിവരാനുള്ള ഒരു സമയമായിരിക്കട്ടെ ഇത്. അതിനു നമ്മെ പ്രേരിപ്പിക്കുന്ന ആരെങ്കിലുമുണ്ടങ്കിൽ അവരുടെ വാക്കുകൾ ശ്രദ്ധിക്കുകയാണു വേണ്ടത്.

യിസ്രായേൽ മക്കൾ തിരിഞ്ഞു വരേണ്ടിയിരുന്നത് അവരുടെ വിഗ്രഹങ്ങളിൽ നിന്നായിരുന്നു. അവരുടെ ജീവവൃക്ഷത്തിൽ ആഴത്തിൽ തന്നെ വേരൂന്നിയ ഇത്തിൾ കണ്ണികളായിരുന്നു അന്യദൈവങ്ങൾ. അവയെ പറിച്ചെറിഞ്ഞ് ദൈവത്തോടു പറ്റിച്ചേർന്ന് ആത്മജീവരസം സ്വീകരിക്കുകയായിരുന്നു അവർ ചെയ്യേണ്ടിയിരുന്നത്. ഇന്ന് നമ്മുടെ ആവശ്യവും അതുതന്നെ. യിസ്രായേൽ അന്ന് ആരാധിച്ചിരുന്ന വിഗ്രഹങ്ങളെക്കാൾ കൂടുതൽ വിഗ്രഹങ്ങളെ ഇന്നു നാം ആരാധിക്കുന്നുണ്ടെന്നുള്ളതാണു വസ്തുത. അതിൽ മുഖ്യം "മാമ്മോൻ" തന്നെ. അതു സകലവിധദോഷവും ഉണ്ടാക്കുന്നു എന്നറിഞ്ഞുകൊണ്ടു തന്നെയാണ് നമ്മുടെ മാമ്മോൻ സേവ പൊടിപൊടിക്കുന്നത്. എന്നാൽ "നിങ്ങൾക്കു ദൈവത്തെയും മാമ്മോനെയും സേവിപ്പാൻ കഴികയില്ല" (ലൂക്കോ 16:13)

> ഇനിയും ഒട്ടേറെ കാര്യങ്ങളിൽ നാം ദൈവത്തിൽ നിന്നും ദൂരെയാണ്. ഏതൊക്കെ കാര്യങ്ങളിലാണ് അതു സംഭവിച്ചിരിക്കുന്നതെന്ന് ദൈവസന്നിധിയിലിരുന്നു കണ്ടുപിടിക്കേണ്ടതുണ്ട്. അതേ സമയം നാം തീരുമാനിക്കുന്നെങ്കിൽ ആത്മതപനത്തോടു കൂടിയ ഒരു പ്രാർത്ഥനയുടെ അകലം മാത്രമായിത്തീരും അത്. ആ തിരിച്ചുവരവ് ഒരു വലിയ ആരംഭമാകും. വരുവിൻ നമുക്കു യഹോവയിങ്കലേക്കു മടങ്ങാം

എന്നാണു കർത്താവു പറഞ്ഞത് എന്നോർക്കാം.

അതുകൊണ്ട് "വരുവിൻ നമുക്ക് യഹോവയുടെ അടുക്കലേക്കു മടങ്ങിച്ചെല്ലാം". അവിടെ ചെന്ന് കർത്താവിന്റെ മാതൃക സ്വീകരിക്കാം. യിസ്രായേലിന്റെ മറ്റൊരു വിഗ്രഹമായിരുന്നു അവരുടെ അഹംഭാവം. "യിസ്രായേലിന്റെ അഹംഭാവം അവന്റെ മുഖത്തു സാക്ഷീകരിക്കുന്നു. അതുകൊണ്ട് യിസ്രായേലും എഫ്രയീമും തങ്ങളുടെ അകൃത്യത്താൽ ഇടറിവീഴും. യഹൂദയും അവരോടുകൂടെ ഇടറിവീഴും" (5:5) എന്നാണു പ്രവാചകൻ പറയുന്നത്.

ജ്ഞാനിയായ ശലോമോൻ ഇതുതന്നെ മറ്റൊരു രീതിയിൽ പറയുന്നു. "നാശത്തിനു മുമ്പെ ഗർവ്വം, വീഴ്ചയ്ക്കു മുമ്പെ ഉന്നതഭാവം" (സദൃ 16:18). വിശ്വാസിയിൽ അഹംഭാവം, അഥവാ 'ഞാൻ എന്ന ഭാവം' ഉണ്ടാക്കുന്നത് അവന്റെ ജഡമാണ്. ഇന്നും നാം നേരെനിർത്തി എണ്ണയൊഴിച്ച് പൂജിക്കുന്ന ഒരു സ്തംഭമാണ് "I" എന്ന ഞാൻ". അതു നാം സഭയിലും സമൂഹത്തിലും പ്രതിഷ്ഠിക്കുന്നു. പ്രസംഗങ്ങളിലും എഴുത്തുകളിലും അതിനു സ്തുതി പാടുന്നു. എന്നാൽ അത് ദീഘകാലം നിൽക്കുകയില്ല എന്നാണു ദൈവവചനം പറയുന്നത്. യിസ്രായേലിന് അതു സംഭവിച്ചു. അതുകൊണ്ട് ഒരു തീരുമാനത്തോടുകൂടി നീങ്ങാം. '

'വരുവിൻ നമുക്കു യഹോവയുടെ അടുക്കലേക്കു മടങ്ങിച്ചെല്ലാം". ചെല്ലുമ്പോൾ നമുക്കവിടെ ഒരു മാതൃകയുണ്ട്. അതാണു "ക്രിസ്തുയേശുവിലുള്ള ഭാവം" (ഫിലി 2:5). ആ ഭാവത്തിന്റെ പ്രായോഗിക പ്രകടനം (ഫിലി 2;6-8). നാം മാതൃകയാക്കിയാൽ നമ്മിൽ നിന്ന് ശാഠ്യവും ദുരഭിമാനവും കൊഴിഞ്ഞുപോകും. പരസ്പര ബഹുമാനവും കരുതലും തളിരിടും. അതൊരു മഹത്തായ തിരിച്ചുവരവായിരിക്കും.

➔6



വി.റ്റി. മത്തായി

യരുശലേമിനോളമല്ലെങ്കിലും രണ്ട് മൂന്ന് കാരണങ്ങളാൽ പ്രധാന്യമർഹിക്കുന്ന ഒന്നാണ് ഒലിവുമല. ദൈവാലയ നശീകരണം, കർത്താവിന്റെ വീണ്ടും വരവ് ലോകാവസാനം എന്നീ കാര്യങ്ങൾ സംബന്ധിച്ച് തന്റെ ശിഷ്യന്മാരോടുള്ള ഗിരിപ്രഭാഷണം ഒലിവുമലയിൽ വച്ചായിരുന്നു. ഇക്കാര്യം മത്തായി 24 ൽ കാണുന്നുണ്ട്. യരുശലേമിൽ നിന്നും വളരെയൊന്നും ദൂരത്തല്ലാത്ത ഒലിവുമലയിൽ നിന്നാണ് നമ്മുടെ കർത്താവ് സ്വർഗ്ഗാരോഹണം ചെയ്തത് പ്രവൃത്തി 1:12. മാത്രമല്ല, ഈ മലയെക്കുറിച്ച് സെഖര്യാവ് 14:3 ൽ ഒരു സുപ്രധാന പ്രവചനം ഇരുപതിലധികം നൂറ്റാണ്ടുകൾക്കു മുമ്പ് രേഖപ്പെടുത്തിക്കിട്ടിയിട്ടുണ്ട്. കർത്താവിന്റെ വീണ്ടും വരവിൽ അവൻ ഇറങ്ങിവന്നു നില്ക്കുന്നത് ഒലിവുമലയിലായിരിക്കും. കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനും അവരോഹണത്തിനുമായി തിരഞ്ഞെടുക്കപ്പെട്ട സ്ഥലം എന്ന നിലയിൽ ദൈവജനത്തിന് ഒലിവുമല പ്രിയംകരമായ ഒരു മലതന്നെയാണ്. സെഖര്യാപ്രവചനത്തിൽ പ്രത്യേകമായി പറഞ്ഞിരിക്കുന്ന കാര്യം കർത്താവ് കാൽവയ്ക്കുമ്പോൾ ഒലിവുമല കിഴക്കുപടിഞ്ഞാറായി നടുവേ പിളർന്നുപോകുമെന്നാണ്. തൽഫലമായി വലിയൊരു താഴ്‌വര ഉളവായി വരികയും ചെയ്യും. ഒലിവുമല ഇപ്രകാരം പിളർക്കപ്പെടുമോ എന്നുള്ളചോദ്യം ഉദിക്കാതിരുന്നിട്ടില്ല. ദൈവവചനത്തിലെ ആത്മപ്രചോദിതമായ ഒരു പ്രവചനമാകയാൽ, അത് സംഭവിക്കാം എന്നല്ലാതെ ഇതിന്റെ സാദ്ധ്യതയെക്കുറിച്ച്



# ഒലിവ് മല ഒരുങ്ങുന്നു!

> സെഖര്യാപ്രവചനത്തിൽ പ്രത്യേകമായി പറഞ്ഞിരിക്കുന്ന കാര്യം കർത്താവ് കാൽവയ്ക്കുമ്പോൾ ഒലിവുമല കിഴക്കുപടിഞ്ഞാറായി നടുവേ പിളർന്നുപോകുമെന്നാണ്. തൽഫലമായി വലിയൊരു താഴ്‌വര ഉളവായി വരികയും ചെയ്യും. ഒലിവുമല ഇപ്രകാരം പിളർക്കപ്പെടുമോ എന്നുള്ള ചോദ്യം ഉദിക്കാതിരുന്നിട്ടില്ല. ദൈവവചനത്തിലെ ആത്മപ്രചോദിതമായ ഒരു പ്രവചനമാകയാൽ, അത് സംഭവിക്കാം

പറയുവാൻ ഉപോൽബലകമായ മറ്റ് കാര്യങ്ങൾ ഒന്നും തന്നെ ഏതാനും വർഷങ്ങൾക്കു മുമ്പുവരെ ഉണ്ടായിരുന്നില്ല.

എന്നാൽ നമ്മുടെ ശ്രദ്ധയെ ആകർഷിക്കേണ്ടുന്ന ഒരു പ്രത്യേക കാര്യം സംഭവിച്ചുകൊണ്ടിരിക്കയാണ്.

നമ്മുടെ രക്ഷിതാവായ ക്രിസ്തുവിന്റെ ജനനം, വളർച്ച, പരസ്യശുശ്രൂഷ, ക്രൂശുമരണം എന്നീവക കാര്യങ്ങൾ നടന്ന പലസ്തീൻദേശം ഈവക കാരണങ്ങളാൽ ഒരു "വിശുദ്ധ നാടായി" ത്തീർന്നിരിക്കുകയാണല്ലോ. കർത്താവിന്റെ കാൽപ്പാദങ്ങൾ ചവുട്ടിയ യരുശലേം, ഒലിവുമല ആദിയായ സ്ഥലങ്ങൾ സന്ദർശിച്ച് സംതൃപ്തിയടയുവാൻ ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും നിരവധി ടൂറിസ്റ്റുകൾ പലസ്തീനിൽ എത്തിച്ചേരുന്നുണ്ട്. ഈ ടൂറിസ്റ്റുകളെ ആകർശിക്കുവാനും അവരുടെ സുഖസൗകര്യത്തിനുമായി ഒലിവുമലയിൽ ഒരു ടൂറിസ്റ്റുകേന്ദ്രം പടുത്തുയർത്തുവാൻ യിസ്രായേൽ ഗവണ്മെന്റിനു താല്പര്യമുണ്ടായി. ആയതിലേയ്ക്ക് സ്ഥലനിർണ്ണയത്തിനും മറ്റുമായി നിയോഗിക്കപ്പെട്ട എൻജിനീയർമാർ ആവശ്യമായ സർവ്വെയും മറ്റും നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ ഈ പദ്ധതിയുടെ അസാദ്ധ്യതയെക്കുറിച്ച് പറഞ്ഞിരിക്കുന്നത്; ഒലിവുമലയുടെ അന്തർഭാഗത്ത് ഒരു വലിയ പിളർപ്പ് ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഈ മല ഏതുസമയത്തും രണ്ടായി പിളർന്നു പോകുവാനുള്ള സാദ്ധ്യതയുമുണ്ട് എന്നിപ്രകാരമാണ്. അങ്ങനെ ടൂറിസ്റ്റുകേന്ദ്രപദ്ധതി ആദ്യപടിയിൽ തന്നെ അസാദ്ധ്യമെന്നു വന്നുകൂടി. പക്ഷേ, ഒലിവു മലയുടെ അന്തർഭാഗത്തു ഒരു വലിയ പിളർപ്പ് ഉണ്ടായിത്തുടങ്ങിയിരിക്കുന്നുവെന്നും ഏതവസരത്തിലും അതു പിളർന്നു പോകുവാനുള്ള സാദ്ധ്യത ഉണ്ടെന്നുമുള്ള വാർത്ത ദൈവജനത്തിന്റെ ഹൃദയങ്ങളെ കുളിർപ്പിക്കുന്ന ഒരു വാർത്താവിശേഷം തന്നെയാണ്.


നമ്മുടെ കർത്താവ് വീണ്ടും വരുന്നതിന്റെ നാളും നാഴികയും നമ്മോടു പറഞ്ഞിട്ടില്ലെങ്കിലും, ആ കാലയളവിന്റെ പ്രാരംഭലക്ഷണങ്ങളെക്കുറിച്ച് പല കാര്യങ്ങളും തിരുവചനത്തിൽ രേഖപ്പെടുത്തിത്തന്നിട്ടുണ്ട്. അവൻ വരുമ്പോൾ അവന്റെ കാലുകൾ ചവിട്ടുന്നത് ഒലിവുമലയിലായിരിക്കും എന്നും വ്യക്തമാക്കീയിട്ടുണ്ട്.

ഭൂമി ഉൾപ്പെടെയുള്ള സർവ്വസൃഷ്ടിയും ദൈവപുത്രന്മാരുടെ വെളിപ്പാടിനെയും ദ്രവത്വത്തിന്റെ ദാസ്യത്തിൽ നിന്നുള്ള വിടുതലിനേയും പ്രതീക്ഷിച്ചുകൊണ്ട് ആശയോടെ കാത്തിരിക്കുന്നുവെന്നും മറ്റും റോമർ 11 ന്റെ 18 മുതലുള്ള വാകൃങ്ങളിൽ കാണുന്നുണ്ട്. ഭൂമി ഉൾപ്പെടെയുള്ള സർവ്വസൃഷ്ടിയും ദൈവമക്കളോടു കൂടെ പ്രതീക്ഷാനിർഭരരായി കഴിയുന്നതെങ്ങനെയെന്നുള്ളതിന്റെ വിശദാംശങ്ങൾ നമുക്കു നിശ്ചയമില്ല. എങ്കിലും ഒലിവുമലയുടെ അന്തർഭാഗത്ത് ആരംഭിച്ചിരിക്കുന്ന പിളർപ്പ് ഇക്കാര്യത്തിൽ വെളിച്ചം വീശുന്നുണ്ട്. കൂടാതെ ഇത് സെഖര്യാ പ്രവചനത്തിന്റെ നിവൃത്തിയുടെ സാദ്ധ്യതയിലേയ്ക്കുള്ള വ്യക്തമായ വിരൽ ചൂണ്ടലുമാണ്. കർത്താവിന്റെ മഹത്വപ്രത്യക്ഷതയിങ്കൽ തന്റെ കാൽ ചവുട്ടുന്നതിൽ മേൽപ്രകാരം ഒലിവുമല ഒരുങ്ങിക്കൊണ്ടിരിക്കുന്ന ഈ നാളുകളിൽ അവന്റെ ജനം വളരെയേറെ ബോധവാന്മാരായി ഒരുങ്ങിക്കൊള്ളേണ്ടതല്ലേ? പക്ഷേ, ദൈവജനത്തിൽ ഒരു നല്ല പങ്ക് ലോകമയത്വത്തിന്റെ മടിയിൽ തലവച്ചു മയക്കം പിടിച്ച് ഉറങ്ങിപ്പോയിരിക്കയാണ്. ബുദ്ധിയില്ലാത്തവരോടൊപ്പം ബുദ്ധിയുള്ളവരും ഉറങ്ങിപ്പോയി എന്നാണല്ലോ കർത്താവ് പറഞ്ഞിരിക്കുന്നത് (മത്തായി 25:1-3).

ആകയാൽ ഉറങ്ങാതിരിക്കുന്നവർ ഉറങ്ങുന്നവനെ ഉണർന്നു മരിച്ചവരുടെ ഇടയിൽ നിന്നും എഴുന്നേല്ക്ക എന്നുള്ള കാഹളനാദം അത്യുച്ചത്തിൽ ധ്വനിപ്പിക്കേണ്ടതാണ്. ഒലിവുമലയുടെ ഒരുക്കം ഇപ്രകാരമുള്ള ഒരു കാഹളധ്വനിയായി കണക്കിലെടുത്ത് ഒരുങ്ങേണ്ട നിലയിൽ ഒരുങ്ങുവാൻ ദൈവജനത്തിന് സംഗതിയാകുമാറാകട്ടെ. ●

"ഭൂമിയും അതിന്റെ പൂർണ്ണതയും ഭൂതലവും അതിലെ നിവാസികളും യഹോവയ്ക്കുള്ളത്" സങ്കീർത്തനം 24:1

# അത്യുന്നതനായ ദൈവം




നീതിമാൻ .... സർവ്വശക്തൻ .... മഹാസമ്പന്നൻ
എളിയവരെ ആദരിക്കുന്നവൻ.... പ്രാർത്ഥന കേൾക്കുന്നവൻ
ഇന്നും പ്രവർത്തിക്കുന്നവൻ.... അധികാരമുള്ള മഹാരാജാവ്

# ബ്രദറൺ അസംബ്ലി ഹാൾ, എരുമേലി

## പുനരർപ്പണ സ്തോത്രശുശ്രൂഷ

**2016 മെയ് 20 വെള്ളി രാവിലെ 9.30 ന്**

**സുസ്വാഗതം**



ആരാധനാലയത്തിലേക്ക് ലഭിച്ച വഴി ബ്രദർ രാജു കെ. തോമസ് ഉദ്ഘാടനം ചെയ്യുന്നു.



ദൈവനാമ മഹത്വത്തിനും ദൈവരാജ്യ വിപുലീകരണത്തിനും: ബ്രദർ കെ.എ. ഫിലിപ്പ് ആരാധനാലയം തുറന്ന് കൊടുക്കുന്നു.



സഭയുടെ ആദരം: ബ്രദർ ജോർജ്ജ് കോശി ബ്രദർ ചാൾസ് ജോണിന് എരുമേലി സഭയുടെ ആദരം അർപ്പിക്കുന്നു.



ഡോ. ഒ.എം. സാമുവേൽ



ചാണ്ടപ്പിള്ള ഫിലിപ്പ്



കെ.സി. ജോൺസൺ



എബ്രഹാം വർഗീസ്



ജോർജ്ജ് കോശി



കെ.വി. മാത്യു



പ്രൊഫ. എം.ജെ. കുര്യൻ



കെ. തോട്ടപ്പള്ളി

**എരുമേലി:** വേർപെട്ട ദൈവജനത്തിന്റെ നിരന്തരമായ പ്രാർത്ഥനയുടെയും കഠിനമായ പരിശ്രമങ്ങളുടെയും ഫലമായി ദൈവത്തിന്റെ ഔദാര്യത്താൽ എരുമേലി സഭാഹാൾ തുറക്കപ്പെട്ടു.

ആരാധനാലയത്തിലേക്കുള്ള വഴി അപര്യാപ്തമായതിലൂടെ നേരിട്ട പ്രതിസന്ധിയാണ് ഇപ്പോൾ പരിഹരിക്കപ്പെട്ടിട്ടുള്ളത്. മെയ് 20 വെള്ളി രാവിലെ 9.30 ന് ഒട്ടെറെ ദൈവമക്കളുടെയും അഭ്യുദയകാംഷികളുടെയും സാന്നിദ്ധ്യത്തിൽ എസ്.ബി.എസ് എഡ്യൂക്കേഷൻ & ചാരിറ്റബിൾ ട്രസ്റ്റ് സെക്രട്ടറിയും ക്രിസ്തീയദർശനം പ്രസാധകനുമായ ബ്രദർ രാജു കെ. തോമസ് പുതിയ റോഡിന്റെ ഉദ്ഘാടനം ദൈവമഹത്വത്തിനായി നിർവ്വഹിച്ചു.

പതിനാലു ലക്ഷം രൂപ മുടക്കി പുതുക്കിപ്പണിത ആരാധനാലയം പത്തനംതിട്ട ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിഡന്റ് ബ്രദർ കെ.എ. ഫിലിപ്പ് ത്രിയേക ദൈവത്തിന്റെ നാമത്തിൽ ദൈവജനത്തിന്റെ ആത്മീക പുരോഗതിക്കും ആരാധനയ്ക്കുമായി തുറന്നുകൊടുത്തു. ഡോ. ഒ.എം. സാമുവേൽ സമർപ്പണ പ്രാർത്ഥനയും നിർവ്വഹിച്ചു.

ബ്രദർ ഷാജൻ പുതുപ്പള്ളിയുടെ ഗാനത്തിനുശേഷം സ്ഥലംസഭാംഗം സുവി. ഫെബിൻ ജോൺസ് സ്തോത്രസങ്കീർത്തനം വായിച്ചു. സഹോദരന്മാരായ പി.കെ. തോമസ്, പി.പി. വർഗീസ്, എ.എം. തോമസ്, ഷിബു ചേത്തയ്ക്കൽ, ബി. ഷാജി, റ്റി.വി. മാത്യു, വർഗീസ് തോമസ് എന്നിവർ സ്തോത്രാർപ്പണം നടത്തി.

10.15 ന് ആരംഭിച്ച പൊതുസമ്മേളനം ബ്രദർ സി.റ്റി. ജോണിക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ നടന്നു. ബ്രദർ പി.എ. ജോസഫ് പ്രാരംഭപ്രാർത്ഥന നടത്തി. സ്ഥലം സഭാംഗം ഗ്രേസ് രാജന്റെ ഗാനത്തിനുശേഷം ബ്രദർ കെ. ജോർജ്ജ് സ്വാഗതവും പ്രസ്താവനയും നടത്തി.

വിഗ്രഹാരാധനയ്ക്കും ജാതീയ ആരാധനയ്ക്കും പേരുകേട്ട എരുമേലിയിൽ ദൈവമഹത്വത്തിനും സത്യാരാധനയ്ക്കുംവേണ്ടി ആലയം വീണ്ടും തുറന്നുകിട്ടിയതിൽ സന്തോഷം പങ്കുവച്ചു. പരിമിതികളിലും പരിഹാസങ്ങളിലും അവഗണനയിലും കഴിഞ്ഞ എട്ടുവർഷത്തിന്റെ നാൾവഴി താൻ അനുസ്മരിച്ചു. സാമ്പത്തികമായി പരിമിതികളിൽ കഴിയുന്ന സ്ഥലത്തെ ദൈവജനത്തിന് അസാധ്യമായി എന്നും അടഞ്ഞുതന്നെ കിടക്കേണ്ടിവരുമായിരുന്ന ഹാൾ ആണ് ദൈവത്തിന്റെ അത്ഭുതമായി ഇടപെടലിലൂടെ സ്തോത്രശുശ്രൂഷ നിർവ്വഹിച്ചതെന്നും താൻ പറഞ്ഞു.

ഒനേസിമോസിനെ ചെറിയ ഒരു ഇടവേളയിലേക്ക് നഷ്ടമായത് എന്നേക്കും മടക്കിലഭിക്കുവാൻ ആയിരിക്കാം എന്ന പൗലോസിന്റെ വാക്കുകളെ അധ്യക്ഷൻ അനുസ്മരിച്ചു. കൂടുതൽ സൗകര്യങ്ങളും സൗന്ദര്യവും അഭികാമ്യവുമായ ഒരു ആരാധനാലയമാക്കി ദൈവം മടക്കി നല്കിയതിലെ സന്തോഷം പങ്കുവച്ചു.

ഡോ.ഒ.എം. സാമുവേൽ സഭാഹാൾ ഉദ്ഘാടനം ചെയ്തു. പെന്തക്കോസ്തുനാളിനോടനുബന്ധിച്ച് പുതിയനിയമസഭയിൽ നിലനിന്ന ഐക്യതയും ഏകമനസ്സും കൂട്ടായ്മയുടെ ഊഷ്മളതയും പ്രാർത്ഥനാനുഭവവും ആരാധനാമനോഭാവവും സ്ഥലം സഭയ്ക്ക് ഉണ്ടാകട്ടെ എന്ന് ഒ.എം.എസ് ആശംസിച്ചു. മറിച്ചുള്ളതെല്ലാം ദൈവവിരുദ്ധവും സാക്ഷ്യം നഷ്ടപ്പെടുത്തുന്നതും ആകുന്നു. അദ്ദേഹം മുന്നറിയിപ്പു നൽകി.

സഭയുടെ ചുമതലയിൽ ആരംഭിക്കുന്ന സായാഹ്ന ബൈബിൾ സ്കൂളിന്റെ ഉദ്ഘാടനം ഡോ.കെ.സി. ജോൺസൺ നിർവ്വഹിച്ചു. വചനപഠനം വ്യക്തിയിലും സഭയിലും വരുത്തുന്ന മാറ്റങ്ങൾ ലഘുസന്ദേശത്തിലൂടെ അദ്ദേഹം വ്യക്തമാക്കി. ബ്രദർ ഫെബിൻ ജോൺസ് സായാഹ്ന ബൈബിൾ സ്കുളിന്റെ ചുമതല വഹിക്കുന്നു.

ക്രിസ്ത്യൻ ലൈബ്രറിയുടെ ഉദ്ഘാടനം ബ്രദർ ഏബ്രഹാം റ്റി. വർഗീസ് നിർവ്വഹിച്ചു. എസ്രാ ശാസ്ത്രി യഹോവയുടെ ന്യായപ്രമാണപുസ്തകം നീർവ്വാതിലിനു മുന്നിലുള്ള വിശാലസ്ഥലത്ത് വായിച്ച് സർവ്വജനത്തെയും കേൾപ്പിച്ചത് അദ്ദേഹം അനുസ്മരിച്ചു. പുതിയ ലൈബ്രറി അനേകർക്ക് യഥാർത്ഥ വഴിയും വെളിച്ചവുമാകട്ടെ എന്ന് ആശംസിച്ചു.

കെ.ഇ.എം. ഫണ്ട് ജോയിന്റ് സെക്രട്ടറി മാത്യു ഏബ്രഹാം, കെ.ഐ. വർഗീസ്, എം.വി. ബാബു, കുഞ്ഞുമോൻ തോട്ടപ്പള്ളി, സജി ജോൺ, സാം ഫിലിപ്പ്, പ്രൊഫ. എം.ജെ. കുര്യൻ, പി.എം. സാമുവേൽ, ജോർജ് സി. ജേക്കബ്, ജോൺ ജോസഫ്, വി.എം. ജോർജ്ജ്കുട്ടി തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു.

ബ്രദറൺകാരുടെ ഒരു ആരാധനാലയവും പുറമേ നിന്നുള്ള ആരും ആക്രമിച്ച് പൂട്ടിയിടുവാൻ മുഖാന്തരമായിട്ടില്ലെന്നും എട്ടു വർഷത്തെ നിരന്തരപരിശ്രമം ഫലം കണ്ടതിൽ സന്തോഷമുണ്ടെന്നും വേർപാടു സമൂഹത്തിന് നിരക്കാത്ത ഒത്തുതീർപ്പിനു വരെ എരുമേലി സഭ തയ്യാറായിട്ടും കടുംപിടുത്തത്തിൽ നിന്നു പിന്മാറുവാൻ മനസ്സില്ലാതെ പോയവർ ക്രിസ്തീയസാക്ഷ്യം ദേശത്ത് നഷ്ടപ്പെടുത്തുവാനേ ഇട നൽകിയുള്ളു എന്നും സഹോദരന്മാർ ഖേദപൂർവ്വം അനുസ്മരിച്ചു.

ക്രിസ്തീയ ഗാനരചയിതാവ് ബ്രദർ ചാൾസ് ജോണിനെ സമ്മേളനം ആദരിച്ചു. ബ്രദർ ജോർജ്ജ് കോശി തന്റെ സമഗ്ര സംഭാവനകളെ അനുസ്മരിച്ചു. സഭയുടെ ആദരവ് സമ്മാനിച്ചു. നവ്യ ജോർജ്ജ് വേദവിഹാരം കവിത ചൊല്ലി.

ബ്രദർ ചാണ്ടപ്പിള്ള ഫിലിപ്പ് സമാപനസന്ദേശം നൽകി. ബിനു കെ.വർഗീസ്, ഏബ്രഹാം തോമസ് പുല്ലാട്, പി.ഐ. രാജൻകുട്ടി എന്നിവരും വിവിധ ശുശ്രൂഷകൾ നിർവ്വഹിച്ചു. ബ്രദർ സി.കെ. സുരേഷ് കൃതജ്ഞത പ്രകാശിപ്പിച്ചു. ബ്രദർ കെ.വി. മാത്യു പ്രാർത്ഥനയും ആശീർവാദവും നിർവ്വഹിച്ചു മുന്നൂറിലധികം സഹോദരീ സഹോദരന്മാർ പങ്കെടുത്തു. സ്നേഹവിരുന്നോടെ സ്തോത്രശുശ്രൂഷ സമാപിച്ചു.

എരുമേലി സഭാഹാൾ തുറന്ന് ആരാധന ആരംഭിച്ചതിൽ സന്തോഷിക്കുന്ന വലിയ കൂട്ടം വിശ്വാസികൾ ഉണ്ട്. വ്യാജവാർത്ത പരത്തി പണി മുടക്കുവാൻ ശ്രമിച്ചവർ ദുഃഖിതരായി. വലിയ സാമ്പത്തിക തട്ടിപ്പിനുവേണ്ടി ഒരുങ്ങുന്നു എന്നായിരുന്നു ആ കറുത്ത കരങ്ങൾ മാധ്യമങ്ങളിലൂടെ എഴുതി പിടിപ്പിച്ചത്. ഒരന്വേഷണവും നടത്താതെ കിട്ടിയ പാടേ മഷി പുരട്ടി ലോക ബ്രദറൺകാരെ അറിയിച്ച് സന്തോഷത്തിന്റെ ധ്വനിയും മുഴക്കുവാൻ ചിലർക്കായി. മറ്റു ചിലരാകട്ടെ വാട്സ് ആപ്പിലും ഈ മെയിലിലും ആ വാർത്ത നന്നായി പ്രചരിപ്പിച്ചു. ഫലമോ? നിഷ്കളങ്കരായ ഒത്തിരിപ്പേർ തെറ്റിദ്ധരിച്ചു. ദൈവവേലയ്ക്ക് പിന്തുണ നൽകി സ്വർഗ്ഗത്തിൽ പ്രതിഫലം ലഭിക്കേണ്ടിയിരുന്നവർക്ക് അതിന്റെ നഷ്ടം ഉണ്ടായി.

38 ലക്ഷം രൂപ മുടക്കി വാങ്ങിയ 12 അടി വീതിയുള്ള സ്ഥലം മാത്രമാണ് ഇന്ന് ചർച്ചിലേക്കുള്ള വഴിയായി ഉപയോഗിക്കുന്നത്. സ്റ്റ്യൂവാർഡ് അസോസിയേഷന്റെ പേരിൽ മുൻപ് ഉണ്ടായിരുന്നു 1/2 അടിയും ജയിംസ് തോമസ് എഴുതിക്കൊടുത്ത 1 1/2 അടിയും ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യം തുടരുകയാണ്.

32 ലക്ഷം രൂപ ബാധ്യതയോടെ വഴിയും സഭാഹാൾ നിർമ്മാണവും പൂർത്തിയായി. സ്തോത്രശുശ്രൂഷയും നിർവ്വഹിക്കപ്പെട്ടു. ഗൾഫിലെ 3 സഭകളും ഇന്ത്യയിലെ 7 സഭകളും (റാന്നി സഭകൾ ഒഴിച്ച്) അമേരിക്കയിലെ 2 സഭയുമാണ് ഇക്കാര്യത്തിൽ അവരുടെ കൂട്ടായ്മ കാട്ടിയത്. പരിഭവം ഒട്ടുമില്ല. കർത്താവ് ആഗ്രഹിക്കുന്നവരെക്കൊണ്ടുമാത്രമേ തന്റെ മഹത്വത്തിനായി എന്തും ചെയ്യിക്കയുള്ളു എന്ന് ഞങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നു.

എരുമേലിയിൽ പുനഃസ്ഥാപിക്കപ്പെട്ട ആരാധനയും സായാഹ്ന ബൈബിൾ സ്കൂളും ക്രിസ്ത്യൻ ലൈബ്രറിയും സാഹിത്യ പ്രവർത്തനങ്ങളും വി.ബി.എസും ഇതര സുവിശേഷ സംരംഭങ്ങളും അഭംഗുരം തുടരാനും ദൈവനാമം മഹിമപ്പെടുവാനും ദൈവജനം ഇവിടെയുള്ള സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കേണമേ. ഈ വലിയ ദൗത്യത്തിൽ സഹകരിച്ച വ്യക്തികൾക്കും സഭകൾക്കും സഭയായി ഞങ്ങളുടെ നന്ദി പ്രകാശിപ്പിക്കുന്നു. കർത്താവ് അനുഗ്രഹിക്കട്ടെ.

**സഭയ്ക്കുവേണ്ടി, മൂപ്പൻമാരും ശുശ്രൂഷകരും**

NB: സഭയുടെ വലിയ കടബാധ്യതയിൽ ഒരു കൈത്താങ്ങൽ നൽകുവാൻ ദൈവാത്മാവ് പ്രേരണ നൽകുന്നുവെങ്കിൽ സഭയുടെ ജോയിന്റ് അക്കൗണ്ട് ഉപയോഗിക്കാവുന്നതാണ്.

| **SAJI P. SCARIA** | **K.C. RAJAN** |
|---|---|
| Federal Bank, Erumely, | Brethren |
| A/c No. 11400100163384 | Assembly |
| IFSC: FDRL 0001140 | Erumely P.O. |
| | 689509, Kerala. |



നവ്യ ജോർജ്ജ്



കെ.ഐ. വർഗീസ്



ചാൾസ് ജോൺ



സജി ജോൺ



സാം ഫിലിപ്പ്



എം.വി. ബാബു



ജോർജ്ജ് സി.



പി.എം. സാമുവേൽ



പി.എ. ജോസഫ്



ജോൺ ജോസഫ്



കെ. ജോർജ്ജ്



എബ്രഹാം തോമസ്



സി.കെ. സുരേഷ്



മാത്യു എബ്രഹാം



വി.എം. ജോർജ്ജ്കുട്ടി

# ദൈവപ്രസാദം നേടുക



സുവി. സി. സത്യദാസ് വെളിയംകോട്

ദൈവത്തെ പ്രസാദിപ്പിക്കുക എന്നതു മനുഷ്യ ചരിത്രത്തോളം പഴക്കമുള്ള വസ്തുതയാണ്. ദൈവം എന്നിൽ പ്രസാദിക്കേണം അല്ലെങ്കിൽ എനിക്ക് ദൈവത്തെ പ്രസാദിപ്പിക്കേണം എന്ന രൂഢമൂലമായ ചിന്ത മനുഷ്യന്റെ ഉള്ളിൽ ഉണ്ട്. വിശുദ്ധ തിരുവെഴുത്ത് പരിശോധിച്ചാൽ ഈ സത്യം ഗ്രഹിക്കാം. ആദ്യമനുഷ്യന്റെ സന്തതികൾ ഇരുവരും ദൈവസന്നിധിയിൽ വഴിപാടു കൊണ്ടുവന്നു. ഹാബേലിലും അവന്റെ വഴിപാടിലും ദൈവം പ്രസാദിച്ചു (ഉല്പ 4:4). തന്റെ ലക്ഷ്യം ദൈവ പ്രസാദം ആയിരുന്നു.

കാലം പിന്നെയും കടന്നുപോയി. മനുഷ്യൻ സ്രഷ്ടാവിൽ നിന്നും അകന്നു. തങ്ങൾക്കു വേണ്ടി ഒരു വിഗ്രഹത്തെ വാർത്തുണ്ടാക്കി. ദൈവത്തെ പ്രസാദിപ്പിക്കേണം എന്ന ലക്ഷ്യം അവരിൽ നിറവേറിയില്ല. അവർ മിസ്രയീമിൽ അടിമത്തം അനുഭവിച്ചു. ദൈവം അവരെ അവിടെ നിന്നു വിടുവിച്ചു. ചെങ്കടൽ കടത്തി, കനാനിൽ കൊണ്ടുവന്നു. ഈ ശുഭയാത്രയുടെ ആദ്യനാളുകളിൽ തന്നെ ദൈവം അവരോടു പറയുന്നതു നോക്കുക നിന്റെ ദൈവമായ യഹോവയുടെ വാക്ക് നീ ശ്രദ്ധയോടെ കേട്ടു അവന് 'പ്രസാദമുള്ളതു'ചെയ്താൽ (പുറ 15:26) അവർക്കു ലഭിക്കുന്ന അനുഗ്രഹങ്ങൾ പറയുന്നു.

ദൈവത്തെ പ്രസാദിപ്പിക്കുവാൻ അവിടുന്നു പറയുന്ന വാക്കുകൾ ശ്രദ്ധേയമാണ്. എനിക്കു നിന്നിൽ പ്രസാദം വരണമെങ്കിൽ അഥവാ ഞാൻ പ്രസാദിക്കണമെങ്കിൽ നീ ചെയ്യേണ്ട കാര്യങ്ങൾ. എന്റെ വാക്കുകൾ നീ ശ്രദ്ധയോടെ കേൾക്കണം. അലക്ഷ്യമായി കേൾക്കാൻ പാടില്ല. താല്പര്യത്തോടെ കേൾക്കേണം. അവ അതേപടി അനുസരിക്കണം. എങ്കിൽ ഞാൻ നിന്നിൽ 'പ്രസാദിക്കും'. ഇതിനു വേണ്ടിയാണ് ദൈവം മോശെ മുഖാന്തരം ന്യായപ്രമാണം നൽകിയത് (യോഹ. 1:17). മോശെ തന്റെ ജീവിത സായാഹ്നത്തിൽ വിടവാങ്ങൽ പ്രഭാഷണത്തിൽ ഇക്കാര്യം എടുത്തു പറയുന്നു. നിന്റെ ദൈവമായ യഹോവയുടെ വാക്ക് കേട്ടു ഈ ന്യായപ്രമാണപുസ്തകത്തിൽ എഴുതിയിരിക്കുന്ന അവന്റെ കല്പനകളും ചട്ടങ്ങളും പ്രമാണിക്കുകയും ചെയ്താൽ യഹോവ നിന്റെ പിതാക്കന്മാരിൽ 'പ്രസാദിച്ചു' തന്നതു പോലെ നിന്നിലും നന്മയ്ക്കായിട്ട് വീണ്ടും 'പ്രസാദിക്കും' (ആവ.30:10).

മനസ്സലിവുള്ള ദൈവം തന്റെ ജനത്തിന്റെ നന്മയ്ക്കായിട്ട് അവരിൽ പ്രസാദിക്കാൻ പൂർണ മനസുള്ളവനായിരിക്കുന്നു. ഒരു കാര്യം മാത്രം. നമുക്കു ലഭിക്കുന്ന 'നന്മ' മുടങ്ങാതിരിക്കാൻ അവിടുത്തെ ന്യായപ്രമാണപുസ്തകത്തിൽ എഴുതിയിരിക്കുന്നത് അനുസരിക്കുക. ഇതു ഏതു കാലത്തും ജീവിക്കുന്ന ദൈവജനത്തിനു ബാധകമാണ്.

കുഞ്ഞാടിന്റെ രക്തത്താൽ പെസഹാനാളിൽ വീണ്ടെടുക്കപ്പെട്ട ജനം ചെയ്തതു എന്താണ്? ന്യായപ്രമാണം പിറകിൽ എറിഞ്ഞു കളഞ്ഞു (നെഹ. 9:26) എത്ര ദുഃഖകരം! വചനം വായിൽ നിന്നും നീങ്ങിപ്പോകാതിരിക്കണമായിരുന്നു. അതിൽ എഴുതിയിരിക്കുന്നതുപോലെ പ്രമാണിച്ചു ജീവിക്കണമായിരുന്നു. രാവും പകലും അതിനെ ധ്യാനിച്ചുകൊണ്ടിരിക്കണമായിരുന്നു (യോശു 1:8) അതിനു പകരം അവർ അങ്ങനെ ചെയ്തപ്പോൾ അവരും തങ്ങളുടെ മക്കളും അനുഭവിക്കേണ്ട നന്മയാണ് പിറകിൽ എറിയുന്നതു എന്നു അവർ ഓർത്തില്ല.

തുടർന്നു അവർ യഹോവയുടെ ന്യായപ്രമാണത്തെ 'നിരസിച്ചു' (ആമോ. 2:4). വചനത്തെ അവഗണിച്ചു. ഗണ്യമാക്കിയില്ല സാരമുള്ളതായി കണ്ടില്ല. ഫലമോ? ദൈവം ഉടൻ ഇടപെടുന്നു. താൻ പറയുകയാണ്. ഞാൻ യെഹൂദയിൽ ഒരു തീ അയയ്ക്കും. അതു യെരുശലേമിലെ അരമനകളെ ദഹിപ്പിക്കും (ആമോ 2:5) എത്ര ദുഃഖകരം. പിന്നെയും അവർ ചെയ്തതു നീ നിന്റെ ദൈവത്തിന്റെ ന്യായപ്രമാണം 'മറന്നുകളഞ്ഞു' (യോശെ 4:6) ഒരിക്കലും പാടില്ലാത്തതു അവർ ചെയ്തു. മറന്നുകളഞ്ഞു. എപ്പോഴും എന്നല്ല. രാവും പകലും ഓർത്തിരിക്കേണ്ടതു, രാപ്പകൽ ധ്യാനിക്കേണ്ടതു (സങ്കീ. 1:3). ഹൃദയത്തിൽ സൂക്ഷിക്കേണ്ടതു മറന്നുകളഞ്ഞു. സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്ന വചനത്തെ (സങ്കീ. 119:89)അവർ മറന്നുകളഞ്ഞു. എത്ര പരിപാവനമായ് സൂക്ഷിക്കേണ്ട വിലപ്പെട്ട വിലയേറിയ ഈ അമൂല്യ നിധിയെ അവർ മറന്നുകളഞ്ഞു.

ന്യായപ്രമാണത്തോടുള്ള അവരുടെ മനോഭാവം എന്തായിരുന്നു? അവർ ദൈവത്തിന്റെ നിയമം 'പ്രമാണിച്ചില്ല' അവന്റെ ന്യായപ്രമാണത്തെ ഉപേക്ഷിച്ചു കളഞ്ഞു. (സങ്കീ. 78:10).

പ്രമാണിക്കാതെ ഉപേക്ഷിച്ചു കളഞ്ഞു. അത് ദൈവജനത്തെ നോക്കിയാൽ മനസ്സിലാക്കാം. വചനവുമായി യാതൊരു ബന്ധവും ഇല്ലാത്തവരായി ജീവിതം നയിക്കുന്നു. ഇതിനായിരുന്നുവോ തമ്പുരാൻ മോശയെ വിളിച്ചതു? മിസ്രയീമിലേക്കു അയച്ചതു? പത്തു ബാധകളെ അയച്ചതു? കടിഞ്ഞൂലുകളെ കൊന്നൊടുക്കിയത്? ചെങ്കടലിനെ രണ്ടായി കീറിയതു? ഫറവോനെ കൊന്നതു. അവന്റെ സൈന്യത്തെ മുഴുവൻ ആ ചെങ്കടലിൽ തള്ളിയിട്ടത്? മന്ന നൽകിയത്, പാറയെ പിളർന്നത്? പകൽ മേഘസ്തംഭം, രാത്രിയിൽ അഗ്നിസ്തംഭം, ചെരിപ്പിന്റെ വള്ളി അറ്റില്ല, വസ്ത്രം പഴകിയില്ല, സിനായ് മലയിൽ സർവ്വശക്തൻ ഇറങ്ങിവന്നു. ന്യായപ്രമാണം നൽകിയത്.

കനാന്യ രാജാക്കന്മാരെ യാതൊരു ദയയും കാട്ടാതെ നിഗ്രഹിച്ചത്. പാലും തേനും, ഒഴുകുന്ന ദേശം നൽകിയത്. ഇതിന്റെ എല്ലാം പിന്നിൽ ഒരു ഉദ്ദേശം മാത്രം ദൈവത്തിന്റെ കല്പകളും ചട്ടങ്ങളും ഉപേക്ഷിക്കാതെ പ്രമാണിക്കുക. അതു അനുസരിച്ചു ജീവിക്കുക എന്നുള്ളതായിരുന്നു.

യഹോവയുടെ പുസ്തകത്തോടു എന്തായിരുന്നു അവരുടെ പ്രതികരണം? അവർ യഹോവയുടെ ആലയത്തിൽ പിരിഞ്ഞു കിട്ടിയ ദ്രവ്യം പുറത്തെടുത്തപ്പോൾ മോശെ മുഖാന്തരം കൊടുത്ത ന്യായപ്രമാപുസ്തകം കണ്ടെത്തി (2 ദിന 34:14). തന്റെ ജനം പിറകിൽ എറിഞ്ഞുകളഞ്ഞ നിരസിച്ച, മറന്നുകളഞ്ഞ, പ്രമാണിക്കാതെ ഉപേക്ഷിച്ച ഈ ശ്രേഷ്ഠമായ ദൈവവിശ്വാസീയ തിരുവചനം. വചനം കിട്ടിയതു അവരുടെ ദ്രവ്യത്തിന്റെ അടിയിൽനിന്ന് എന്താ ഇതിനു കാരണം? ഇന്നു ദൈവജനം പഴയ സ്ഥിതിയിൽ അല്ല. അന്ന് നാല്പതുവർഷം മരുഭൂമിയിൽകൂടി നടക്കാൻ ഒരു ജോഡി ചെരുപ്പ്, ഒരു സെറ്റ് വസ്ത്രം. എന്തിന് ഏറെ പറയുന്നു. പഴയ ഒന്നിന്റെ സ്ഥാനത്തു ഇപ്പോൾ എത്ര എണ്ണം? പിതാക്കന്മാർ ഒഴിഞ്ഞവയറും, ഒട്ടിയകവിളും, ഓല കൂരയും. വെറുംതറയിൽ പായ് വിരിച്ചും കിടന്നുറങ്ങി.

സഭയുടെ രാത്രിയോഗങ്ങളിൽ കൈയിൽ ചൂട്ടുകെട്ടും പിടിച്ചു നടന്നു. സഭായോഗങ്ങളെ ഉപേക്ഷിക്കാതെ ആത്മീകസന്തോഷം അനുഭവിച്ചു ഇന്നു അതിന്റെ നന്മ നാം അനുഭവിക്കുന്നു. ഫലമോ? വചനം പണത്തിന്റെ അടിയിൽ കിടക്കുന്നു. പ്രിയരെ മടങ്ങാം. അവിടുന്ന് വാതിൽ അടച്ചിട്ടില്ല. അവിടുത്തെ പ്രസാദം നമുക്കു ഇന്നും ആവശ്യമാണ്. താഴ്മയോടെ അവന്റെ പാദത്തിൽ അണയാം. അവിടുത്തെ പ്രസാദവർഷം നമ്മിൽ ചൊരിയട്ടെ.


## തിരുവല്ല മെഡിക്കൽ മിഷൻ

### നഴ്സിങ്ങ് കോഴ്സ് പ്രവേശനം- 2016

### 1. ജനറൽ നഴ്സിങ്ങ്- (3 വർഷത്തെ പഠനം)

17 വയസ്സിനും 35 വയസ്സിനുമിടയിൽ പ്രായമുള്ളവരും കുറഞ്ഞത് 40% മാർക്കോടെ (പ്ലസ് ടൂ) യോഗ്യത നേടിയിട്ടുള്ളവരുമായ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്. പഠനത്തിൽ സമർത്ഥരും യഥാസമയം ഫീസ് നൽകുവാൻ ബുദ്ധിമുട്ടനുഭവിക്കുന്നവരുമായ വിദ്യാർത്ഥികൾക്ക് "ഇപ്പോൾ പഠനം പിന്നീട് ഫീസ്" (study now pay later) എന്ന പ്രത്യേക പഠനപദ്ധതി പ്രകാരം ഫീസ് (യൂണിഫോം, ടെസ്റ്റ് ബുക്കുകൾ, മറ്റ് പഠനോപകരണങ്ങൾ, ഭക്ഷണചെലവ് എന്നിവ ഒഴികെ) പഠനകാലയളവിലോ, പഠനത്തിനു ശേഷമോ ഇവിടെ തന്നെ ജോലി ചെയ്ത് കിട്ടുന്ന ശമ്പളത്തിൽ നിന്നും ഗഡുക്കളായി അടച്ചു തീർക്കാവുന്നതാണ്. പ്രവേശനം യോഗ്യതയുടെ അടിസ്ഥാനത്തിൽ മാത്രമായിരിക്കും. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 16-07-2016

**2. ബി.എസ്.സി. നഴ്സിങ്ങ് (4 വർഷ പഠനം)**

മാനേജ്മെന്റ് ക്വോട്ടായിൽ അപേക്ഷിക്കാനുദ്ദേശിക്കുന്നവർ കവിയൂർ റ്റി.എം.എം. കോളേജ് ഓഫ് നഴ്സിങ്ങിൽ നേരിട്ട് അപേക്ഷ സമർപ്പിക്കേണ്ടതാണ്. യോഗ്യത +2 വിൽ 50% മാർക്ക് PCB & English വിഷയങ്ങളിൽ നേടിയിരിക്കണം.

**3. എം.എസ്.സി. നഴ്സിങ്ങ് (2 വർഷ പഠനം)**

**• പീഡിയാട്രിക്സ് • മെഡിക്കൽ സർജറി • ഒ.ബി.ജി. • കമ്മ്യൂണിറ്റി**

യോഗ്യത ബി.എസ്.സി. നേഴ്സിങ്ങിൽ കുറഞ്ഞത് 55% മാർക്കും KNMC രജിസ്ട്രേഷനും കൂടാതെ 1 വർഷത്തെ പ്രവൃത്തി പരിചയവും ഉണ്ടായിരിക്കണം.

കൂടുതൽ വിവരങ്ങൾക്ക്:

**ജനറൽ നഴ്സിങ്ങ്**
റ്റി.എം.എം. സ്കൂൾ ഓഫ് നഴ്സിങ്ങ്
പി.ബി. നമ്പർ 74, തിരുവല്ല- 689 101
ഫോൺ: 0469 2626433, 9446792458
Email:
principal.son@tmmhospital.org

**ബി.എസ്.സി/എം.എസ്.സി. നഴ്സിങ്ങ്**
റ്റി.എം.എം. കോളേജ് ഓഫ് നഴ്സിങ്ങ്
ആഞ്ഞിലിത്താനം പി.ഒ., കവിയൂർ
ഫോൺ: 0469 2618653, 9447191893
Email:
administrator@tmmnursingcollege.in


➡3 നാം യഹോവയുടെ...

"എഫ്രയീം ജാതികളോട് ഇടകലർന്നിരിക്കുന്നു" ദൈവജനത്തിന്റെ മറ്റൊരു ദുസ്ഥിതിയാണിത്. അവരുടെ നടുവിൽ നിന്നു പുറപ്പെട്ടു വേർപ്പെട്ടിരിപ്പിൻ (യെശ 52:11; 2 കൊരി 6:16) എന്നാണു ദൈവത്തിന്റെ കല്പന. എന്നാൽ അവരതുകേട്ടില്ല. നമ്മളും കേൾക്കുന്നില്ല. ദൈവസന്നിധിയിൽ നിന്ന് അത്രയ്ക്കു ദൂരെ പോയ്ക്കഴിഞ്ഞു നാം. എന്നാൽ ഈ തെറ്റിന്റെ കാര്യത്തിൽ എഫ്രയിമിനെക്കാൾ നാം ഒരു പടികൂടി മുന്നോട്ടുപോയിരിക്കുകയാണ്. 'വേർപെട്ടവർ' എന്ന പേരും വഹിച്ചുകൊണ്ടാണ് നാം അകലങ്ങളിൽ ചെന്ന് ജാതികളോട് ഇടകലർന്നിരിക്കുന്നത്. അവർ ചെയ്യുന്നതെല്ലാം നമ്മളും ചെയ്യുന്നു. അല്പം കൂടുതലും. അതുകൊണ്ട് ദൈവനാമം ജാതികളുടെ ഇടയിൽ ദുഷിക്കപ്പെടുകയാണ്. ഇതിന് ഒരേ ഒരു പരിഹാരം മാത്രം. യഹോവയുടെ അടുക്കലേക്കു മടങ്ങിച്ചെല്ലുക.

ഇനിയും ഒട്ടേറെ കാര്യങ്ങളിൽ നാം ദൈവത്തിൽ നിന്നും ദൂരെയാണ്. ഏതൊക്കെ കാര്യങ്ങളിലാണ് അതു സംഭവിച്ചിരിക്കുന്നതെന്ന് ദൈവസന്നിധിയിലിരുന്നു കണ്ടു പിടിക്കേണ്ടതുണ്ട്. അതേ സമയം നാം തീരുമാനിക്കുന്നെങ്കിൽ ആത്മതപനത്തോടു കൂടിയ ഒരു പ്രാർത്ഥനയുടെ അകലം മാത്രമായിത്തീരും അത്. ആ തിരിച്ചുവരവ് ഒരു വലിയ ആരംഭമാകും. വരുവിൻ നമുക്കു യഹോവയിങ്കലേക്കു മടങ്ങാം എന്ന ആഹ്വാനം ഒരു ചെറിയ കൂട്ടത്തിൽ നിന്നാണെങ്കിൽ പോലും ഉണ്ടാകുകയും സ്ഥലംസഭകൾ അത് ഏറ്റു ചൊല്ലുകയും ചെയ്താൽ ഒരു വലിയ ജയോത്സവമായി അതു തീരും എന്നുള്ളതിനു സംശയമില്ല. ഈ നൂറ്റാണ്ടിൽ തന്നെ, അല്ല ഇന്നു തന്നെ, അതുണ്ടാകട്ടെ.



# ആദരിക്കപ്പെടേണ്ട ബാല്യങ്ങൾ

യോഹന്നാൻ ഏബ്രഹാം



ബാല്യകൗമാരങ്ങളെ അവഗണിക്കുന്ന, അവരുടെ മൂല്യവും പ്രാധാന്യവും മനസ്സിലാക്കി ഏർപ്പെടാത്ത ആ പ്രവണത കാണുന്നില്ലെ? അവർ പിള്ളാരല്ലേ? അവർ പറയുന്നത് ആരാ കേൾക്കുന്നത്?

മനുഷ്യന്റെ ആയുസ്സ് മുഴുവൻ ആവശ്യമായ അറിവിന്റെ അടിസ്ഥാനം ആറുവയസ്സിനുള്ളിൽ അവരുടെ തലച്ചോറിൽ രേഖപ്പെടുത്തിക്കഴിയും. ജനിക്കുന്ന കുഞ്ഞിന്റെ തലച്ചോർ വെള്ളക്കടലാസിന് തുല്യമാണ്. നാം അതിൽ എന്ത് എഴുതുന്നുവോ അത് ആയുഷ്ക്കാലം മുഴുവൻ കിടക്കും. ചെറുപ്പകാലങ്ങളിലുള്ള ശീലം മറക്കുമോ മാനുഷ്യനുള്ളകാലം? എന്ന കവിവാക്യം എത്രയോ അന്വർത്ഥമാണ്. അതുകൊണ്ടാണ് കുഞ്ഞുങ്ങളെ എന്റെ അടുക്കൽ വിടുവിൻ അവരെ തടയരുത് എന്ന് യേശുക്രിസ്തു അരുളിച്ചെയ്തത്.

ബാല്യത്തിന്റെ മൂല്യം നന്നായി അറിഞ്ഞ എം.ഇ ചെറിയാൻ സാറും മറ്റു ചിലരും സുവിശേഷകൻ ബാലസംഘത്തിനു രൂപം നൽകി. ബാല്യത്തിൽ സ്രഷ്ടാവിനെ അറിയുക എന്നതായിരുന്നു അതിന്റെ ലക്ഷ്യം. ക്യാമ്പുകളും വചനപഠന ക്ലാസുകളും മൂലം എത്രയോപേർ ദൈവസഭയുടെ തൂണുകളായിതീർന്നിട്ടുണ്ട്. ഇന്ന് കൂടിവരുന്ന സ്ഥലംസഭയിൽ ഉത്തരവാദപ്പെട്ട ശുശ്രൂഷകൾ ചെയ്യുന്ന പലരും സുവിശേഷകൻ ബാലസംഘത്തിന്റെ പ്രോഡക്ടുകളാണ്. ആഗോളവ്യാപകമായി പടർന്നു പന്തലിച്ച ഈ ആത്മീയ ശുശ്രൂഷയുടെ ലക്ഷ്യം ഇന്ന് പൂർണ്ണമായി നിർവ്വഹിക്കപ്പെടുന്നുവോ എന്ന് സംശയിക്കേണ്ടിയിരുന്നു. സെക്രട്ടറി, കൺവീനർ, പ്രസിഡന്റ് തുടങ്ങിയ സ്ഥാനമാനങ്ങൾക്കാണ് ഇന്ന് സ്ഥാനം. ക്യാമ്പിലും ബാലസംഘം ക്ലാസുകളിലും സംബന്ധിക്കുന്ന കുരുന്നുകളുടെ ഹൃദയത്തിൽ ദൈവത്തെ പ്രതിഷ്ഠിക്കുവാനുള്ള ലക്ഷ്യം നിവർത്തിക്കപ്പെടുന്നില്ല. പാട്ടിനും സംഭാഷണത്തിനും കഥപറയുന്നതിനുമാണ് പ്രാധാന്യം. തങ്ങളുടെ അഭിരുചി പ്രദർശിപ്പ് സമ്മാനങ്ങൾ നേടുകയാണ് ഇന്നത്തെ കുഞ്ഞുങ്ങളുടെ ലക്ഷ്യം.

അവരെ തങ്ങളുടെ ഹൃദയം കവരുന്ന രക്ഷകനായ ക്രിസ്തുവിന്റെ അരികിലേക്ക് നയിക്കുകയാണ് വേണ്ടത്. ഒരു പ്രസ്ഥാനമായും സംഘടനയായും ബാലസംഘം അധഃപതിച്ചുവോ എന്ന സന്ദേഹം ഉണ്ട്. വിവിധ രീതിയിലും ഭാവത്തിലും അതിനെ രൂപാന്തരപ്പെടുത്തിയിരിക്കുന്നത് സ്വാർത്ഥപരമായ സ്ഥാനമാന ലക്ഷ്യങ്ങൾക്കാണ്. അനേകവർഷങ്ങൾ ബാലസംഘം പ്രവർത്തനങ്ങളിൽ ഉത്സാഹിയായി പ്രവർത്തിച്ചിട്ടുണ്ട്. സ്ഥാനത്തിന്നും മാനത്തിനും വേണ്ടി ആഗ്രഹിച്ചിട്ടില്ല. അതിൽ നിന്നെല്ലാം ഒഴിവായിരിക്കാനാണ് ശ്രമിച്ചത് വി.ബി.എസ്. തുടങ്ങിയത് വിദേശങ്ങളിൽ ആരംഭിച്ചതിനെ അനുകരിച്ചാണ്. അതുതന്നെ പല ശാഖകളായി കേരളത്തിൽ രൂപം പ്രാപിച്ചിട്ടുണ്ട്. എല്ലാറ്റിന്റെയും തലപ്പത്ത് എന്റെ സാന്നിധ്യം എന്ന് സ്വാർത്ഥതയിൽ ഞാൻ എന്ന ഭാവം മാറ്റി വെച്ച് ബാല്യങ്ങളെ കർത്തൃസന്നിധിയിലേക്ക് ആനയിക്കും എന്നതായിരിക്കണം ലക്ഷ്യം.

പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിക്കുറിച്ചും പരിജ്ഞാനം വരുത്തുവാനാണ് കാര്യസ്ഥനായ പരിശുദ്ധാത്മാവിനെ ഭൂമിയിലേക്ക് അയച്ചിരിക്കുന്നത്. മനസ്സുകളിൽ പശ്ചാത്താപവും മാനസാന്തരവും വരുത്തുന്നത് പരിശുദ്ധാത്മാവാണ്. ആത്മാക്കളുടെ രക്ഷ എന്ന ലക്ഷ്യത്തിൽ അവർക്കുവേണ്ടി കണ്ണിരൊഴുക്കി ജാഗരിക്കണം ഒരു ബാലസംഘം ക്യാമ്പിൽ കർത്തൃദാസൻ എം.സി. ജോർജ്ജ് ന്യായവിധിയെക്കുറിച്ച് ക്ലാസെടുത്ത് കേട്ടിരുന്ന ഒരു കുട്ടി ഉറക്കെ നിലവിളിച്ച് വീട്ടിലേക്ക് ഓടി. ചോദിച്ചപ്പോൾ എനിക്ക് നരകത്തിൽ പോകണ്ട.സ്വർഗ്ഗത്തിൽ പോയാൽ മതി എന്ന് 9 വയസ്സുകാരനായ ആ പൈതൽ . അന്ന് കർത്താവിനെ രക്ഷകനായി സ്വീകരിച്ചു. ഇന്ന് ആത്മീയ ശുശ്രൂഷകൾ കേൾവിക്കാർക്ക് പ്രയോജനകരമായി ശുശ്രൂഷിക്കാൻ കഴിയുന്നുണ്ടോ? അടുത്ത തലമുറയെ ആത്മീയമായി വാർത്തെടുത്തില്ലെങ്കിൽ നമ്മുടെ സഭകളുടെ ഭാവി ഏറ്റം പരിതാപകരമായിരിക്കും.

കേവലം പശ്ചാത്താപമോ മാനസാന്തരമോ ഇല്ലാതെ ആത്മീയത നടിച്ച് കയറിപ്പറ്റുന്ന ധാരാളം വ്യക്തികൾ ഇന്നു സഭയിൽ ഉണ്ട്. അവരാണ് ഇന്നത്തെ സഭകളുടെ ശാപമായിരിക്കുന്നത്. അവർ വെളിച്ചദൂതന്മാരാണ്. സ്വാർത്ഥതയും ദ്രവ്യാഗ്രഹവും സ്ഥാനമാനങ്ങളും മാത്രമാണ് ഇങ്ങനെയുള്ള വരുടെ ലക്ഷ്യം. അവരെ തിരിച്ചറിഞ്ഞ് നിരുത്സാഹപ്പെടുത്തേണ്ടതാണ്.

ദൈവജനമദ്ധ്യത്തിൽ ഒരു ആത്മീയ ഉണർവ്വ് ഉണ്ടാകുവാൻ കണ്ണുനീർ ഒഴുക്കി പ്രാർത്ഥിക്കാം. ഈ അന്ത്യകാലത്ത് ദൈവകൃപയുടെ വ്യാപാരം ആത്മാക്കളെ രക്ഷിക്കട്ടെ. പിന്മാറ്റക്കാരെ തിരികെ വരുത്തുവാൻ ഇടയാകട്ടെ. വിശ്വാസികൾ ആത്മീകവർദ്ധന പ്രാപിക്കട്ടെ. അപ്രകാരം ദൈവനാമം മഹത്വപ്പെടട്ടെ.

# പി.പി. കുരുവിള നിത്യതയിൽ ചേർക്കപ്പെട്ടു

ലിജോ വർഗീസ് പാലമറ്റം



ക്രിസ്തീയ ഗാനരചയിതാവും ബൈബിൾ സാഹിത്യ പ്രവർത്തക സമിതി മുൻ എക്സിക്യൂട്ടീവ് കമ്മറ്റി അംഗവും അങ്കമാലി ക്രിസ്ത്യൻ ബ്രദറൺ ചർച്ച് എൽഡറുമായിരുന്ന പള്ളിപ്പാട്ട് തോട്ടത്തിൽ പി.പി. കുരുവിള (87) മെയ് 18 ന് കർതൃസന്നിധിയിൽ ചേർക്കപ്പെട്ടു.

വാളകം പള്ളിപ്പാട്ട് പൈലി ഏലമ്മ ദമ്പതികളുടെ മകനായി ജനിച്ചു. പി.പി. ജോർജ്ജ് ഉൾപ്പെടെ 11 സഹോദരങ്ങൾ. സംസ്കൃതത്തിൽ ശാസ്ത്രീ പരീക്ഷ ഉന്നതനിലയിൽ പാസായ കുരുവിള ഒരു തൊഴിലിനേക്കാൾ വചനബോധത്തിനായി ജീവിതം സമർപ്പിച്ചു. എം.എം സഖറിയ, കെ.എൻ. നൈനാപിള്ള എന്നിവർക്കൊപ്പം വചനം അഭ്യസിച്ചു.

ജനറൽ ഗോസ്പൽ മിഷനറി ഫണ്ടിന്റെ കമ്മറ്റിയംഗമായും സെക്രട്ടറിയായും ദീർഘവർഷങ്ങൾ പ്രവർത്തിച്ചു. കവിതാ രചനയിലും ഗാനരചനയിലും സംസ്കൃതപഠനവും മലയാള ഭാഷാജ്ഞാനവും തന്നെ ഏറെ സഹായിച്ചു. ബൈബിൾ സാഹിത്യ പ്രവർത്തക സമിതിയുടെ പ്രവർത്തനങ്ങളിൽ ആലോചനയും സഹായവുമായിരുന്നു പി.പി.കെ.

സ്ഥലംസഭാബന്ധം വാർദ്ധക്യത്തിലും സജീവമായി നിലനിർത്തി. താൻ ഒരു സ്ഥാനമോഹിയോ അധികാരമോഹിയോ ആയിരുന്നില്ല. വേദികളും ശുശ്രൂഷകളും അദ്ദേഹത്തെ സ്വാധീനിച്ചില്ല. ദീർഘനാളുകൾ സൺഡേസ്കൂൾ അധ്യാപകനായി. പ്രവർത്തിച്ചു. യഥാർത്ഥ ഗുരുവിനെ ഇളം തലമുറയ്ക്ക് പരിചയപ്പെടുത്തിക്കൊടുക്കയും ചെയ്തിട്ടുണ്ട്.

തിരുവല്ല ടി.കെ. തോമസ് സുവിശേഷകന്റെ മകൾ കുഞ്ഞൂഞ്ഞമ്മയാണ് ഭാര്യ. സാലി,രാജു, ലിസി, ബാബു എന്നിവരാണ് മക്കൾ. മെയ് 20 ന് അങ്കമാലി ക്രിസ്ത്യൻ ബ്രദറൺ സെമിത്തേരിയിൽ ഉയിർപ്പിൻ പ്രഭാതത്തിനായി അനേക ദൈവമക്കളുടെയും ദൈവദാസന്മാരുടെയും സാന്നിദ്ധ്യത്തിൽ സംസ്കരിച്ചു. ദുഃഖത്തിൽ കഴിയുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർത്താലും



# ശാന്തമാം നദിപോൽ സമാധാനം



ജോയ് മത്തായി

ശാന്തമാം നദിപോൽ സമാധാനമോ
കടൽഅലപോൽ ദുഃഖമോ?
എന്തെന്തു വന്നീടിലും എല്ലാം എന്റെ
നന്മക്കെന്നറിഞ്ഞീടുകയാൽ
ആശ്വാസം... ആനന്ദം...
സന്തോഷം സംതൃപ്തി
സമാധാനം സദാ യേശുവിൽ
വഞ്ചക സാത്താനെന്നെ പരീക്ഷിക്കുമ്പോൾ
ചെഞ്ചോര ചൊരിഞ്ഞു യേശു
രക്ഷിച്ചഎന്നെ സൂക്ഷിപ്പാനും ശക്തൻ
പാടും ഞാൻ നന്ദി നിറഞ്ഞെന്നും...
എൻ പാപം എത്ര കഠിനം എന്നാലും
യേശു ക്രൂശിൻ രക്തത്താൽ
കഴുകി മുറ്റും പരിപൂർണമായി
ക്രൂശിൽ തറച്ചെന്നന്നേക്കുമായി .....
വൻദുഃഖം പ്രയാസങ്ങൾ ഏറിവന്നാൽ
വിശ്വാസനായകനേശു
മുൻപിൽ ഓടിയ പാതെ ഞാനും ഓടി
എൻവിരുതു പ്രാപിക്കും നാളിൽ!... ആശ്വാസം...
യോർദാൻ സമമാം പരിശോധനയിൽ
എൻരക്ഷാനായകനേശു
വീഴാതവണ്ണം എന്നെ സൂക്ഷിച്ചു തൻ
മഹിമാസന്നിധി നിർത്തും നാളിൽ!..
എൻകാന്തൻ വരുന്ന ദിനം കാംക്ഷിച്ച്
ആകാശമേഘം വീക്ഷിച്ചും
ആനന്ദം നിറഞ്ഞു ഗാനങ്ങൾ പാടി
പ്രത്യാശ നിറഞ്ഞു ജീവിക്കും..

# സ്നാനശുശ്രൂഷ

മലമ്പുഴ സഭയിൽ മെയ് 1 ന് നടന്ന സ്നാനശുശ്രൂഷയിൽ വ്യത്യസ്ത പശ്ചാത്തലത്തിൽ നിന്നുള്ള 4 പേർ കർത്താവിനെ ജലത്തിൽ സാക്ഷിച്ചു. ബ്രദർ പോൾ മാത്യു ശുശ്രൂഷ നിർവ്വഹിച്ചു. **കെ. ജോൺ വർഗീസ് 9349815089.**

# ബി.ജി.എഫ് ധ്യാനയോഗം

**എരുമേലി:** ബ്രദറൺ ഗോസ്പൽ ഫെലോഷിപ്പിന്റെ ധ്യാനയോഗം എരുമേലി ബ്രദറൺ സഭാഹാളിൽ ജൂൺ 1 ബുധൻ രാവിലെ 10 ന് നടന്നു. വെളിപ്പാട് പുസ്തകം ഒന്നാം അദ്ധ്യായം ധ്യാനഭാഗമായിരുന്നു. സഹോദരന്മാർ ധ്യാനചിന്തകൾ പങ്കുവച്ചു. ജൂൺ മാസത്തെ ഭവനസന്ദർശം പാക്കാനത്ത് നടക്കുന്നു. പ്രവർത്തനങ്ങളെ പ്രാർത്ഥനയിൽ ഓർത്താലും.

**ജയിംസ് തെങ്ങിൽ.**

# അമരാവതി സുവിശേഷക്യാമ്പ് ജൂൺ 30 ന് സമാപിക്കും.

കുമളി സഭയുടെ സഹകരണത്തിൽ സുവി. റോയി സ്കറിയായുടെ ചുമതലയിൽ അമരാവതി ലോഡ്സ് സുവിശേഷാലയത്തിൽ ജൂൺ 1 ന് ആരംഭിച്ച സുവിശേഷക്യാമ്പ് 30 ന് സമാപിക്കും.

ദിവസവും രാവിലെ ആരംഭിക്കുന്ന ഭവനസന്ദർശനങ്ങളിൽ ഇടുക്കിയിലെ സുവിശേഷകന്മാരും സുവിശേഷതൽപരരായ സഹോദരന്മാരും പങ്കെടുത്തുവരുന്നു.

വൈകുന്നേരം 6.30 മുതൽ 9 വരെ നടക്കുന്ന സുവിശേഷപ്രസംഗങ്ങളിൽ കർതൃദാസന്മാരായ ചാണ്ടപ്പിള്ള ഫിലിപ്പ്, കുഞ്ഞുമോൻ തോട്ടപ്പള്ളി, സി.റ്റി. ജോണിക്കുട്ടി, ഡോ.കെ.സി. ജോൺസൻ, എം.വി.ബാബു, ഗോഡ്ലി കുര്യൻ, ജോൺ ജേക്കബ്, അനിയൻ വർഗീസ്, ബിജു കെ., പി.വി.രാജു, ജയിംസ് വർഗീസ് ഐ.എ.എസ്., തുടങ്ങി ഇരുപതോളം പേർ സന്ദേശം നൽകുന്നു. മാത്യു ജോൺ, ഷാജൻ പുതുപ്പള്ളി, ആറന്മുള ബേബി, ജയിംസ് ജോൺ, ബാബു ഓടനാവട്ടം .എന്നിവർ ഗാനശുശ്രൂഷ നിർവ്വഹിക്കുന്നു.

ജൂൺ 18 ന് നടന്ന ചിൽഡ്രൻസ് ഫെസ്റ്റിൽ ഒട്ടേറെ കുഞ്ഞുങ്ങൾ പങ്കെടുത്തു. ചിലർക്ക് രക്ഷാനുഭവം ഉണ്ടായി. മാതാപിതാക്കൾക്കായി കുടുംബസംഗമം നടന്നു. ബ്രദർ ജോൺ ജേക്കബ് സന്ദേശം നൽകി. ഒരു മാസം നീണ്ടുനിന്ന ഈ സുവിശേഷപ്രവർത്തനം വഴി കുമളി സഭയ്ക്കും അമരാവതി പ്രദേശത്തിനും ആത്മീയമായ പുരോഗതി ഉണ്ടാകുവാൻ പ്രാർത്ഥിക്കാം. ഈ ശുശ്രൂഷയെ പ്രാർത്ഥനയിൽ ഓർക്കാം. സഹകരിക്കണം.

**Roy Scaria**
P.O, Box 21, Kumaly P.O,
685509, Ph:9744739176

**CHRISTHEEYA DARSANAM,**
KALLOTH RIVER VIEW,
VADASHERIKKARA P.O., PATHANAMTHITTA DIST.
KERALA-689 662 email: **darsanam@outlook.com**

ക്രിസ്തീയ ദർശനം
CHRISTHEEYA DARSANAM

ഒറ്റ പ്രതി: ₹10
Reg. No. **KERBIL/2008/26466**
Licence No. **KLPTA/89/2014-2016**
**Published on 20th June 2016**
Posted on **22nd June 2016 at RMS Thiruvalla**

# സൽപ്രവർത്തികൾ നമ്മുടെ ദൗത്യം: ജോൺ കുര്യൻ




റ്റി.എം.എം. ഹോസ്പിറ്റലിൽ ചേർന്ന സഭാ പ്രതിനിധികളുടെ സമ്മേളനത്തിൽ ബ്രദർ ജോൺ കുര്യൻ സന്ദേശം നൽകുന്നു.

**തിരുവല്ല:** വിശ്വാസികളായ നാം സൽപ്രവർത്തികൾക്കായി സൃഷ്ടിക്കപ്പെട്ടവരാണ്. നമ്മുടെ സൽപ്രവർത്തികൾ മറ്റ് മതസ്ഥർക്കും ജനവിഭാഗങ്ങൾക്കും മാതൃകയാകേണ്ടതുണ്ട്. ബ്രദർ ജോൺ കുര്യൻ ഓർമ്മിപ്പിച്ചു.

മെഡിക്കൽ മിഷൻ ചാപ്പലിൽ പത്തനംതിട്ട ജില്ലയിലെ ബ്രദറൺ സഭകളിൽ നിന്നും ക്ഷണിക്കപ്പെട്ട മൂപ്പന്മാരുടെയും ശുശ്രൂഷകരുടെയും സ്നേഹകൂട്ടായ്മയിൽ വചനശുശ്രൂഷ നിർവ്വഹിക്കുകയായിരുന്നു ജോൺകുര്യൻ.

ജൂൺ 18 ശനി 3 മുതൽ 5 വരെ നടന്ന യോഗത്തിൽ റിട്ട. കേണൽ അലക്സ് വർഗീസ് അദ്ധ്യക്ഷനായിരുന്നു. 80 വർഷം പിന്നിട്ട റ്റി.എം.എം ന്റെ നാൾവഴികൾ ഇന്നലെ, ഇന്ന്, നാളെ എന്ന വിഷയാവതരണം ദൃശ്യങ്ങളുടെ സഹായത്തോടെ ജോർജ്ജ് കോശി നിർവ്വഹിച്ചു.

റ്റി.എം.എം ൽ 10 ദിവസത്തെ വെറ്റിലേറ്റർ ജീവിതത്തിൽ നിന്നും അത്ഭുതകരമായി മടങ്ങിവന്ന ബ്രദർ ചാൾസ് ജോൺ അനുഭവസാക്ഷ്യം പങ്കുവച്ചു. കെ.എ.ഫിലിപ്പ്, ചാണ്ടപ്പിള്ള ഫിലിപ്പ്, വർഗീസ് കുര്യൻ എന്നിവരുടെ ആശംസകൾ വായിച്ചു. ആശുപത്രിയിൽ വിതരണം ചെയ്യുവാൻ പ്രസിദ്ധീകരിച്ച ഏഴു ട്രാക്റ്റുകളുടെയും ബുക്കുലെറ്റിന്റെയും പ്രകാശനം നിർവ്വഹിച്ചു. തോമസ് കുട്ടി കുരുവിള, കെ.വി. മാത്യു, സാബു എബ്രഹാം, സി.വി. വടവന, ബഞ്ചമിൻ തോമസ്, ജോൺ പി. തോമസ്, തോമസ് കോര, ഡെന്നി ജോൺ എന്നിവർ വിവിധ ശുശ്രൂഷകൾ നിർവ്വഹിച്ചു. 155 സഭകളിൽ നിന്നുള്ള ശുശ്രൂഷകന്മാരും സുവിശേഷകന്മാരും റ്റി.എം.എം. സുഹൃത്തുക്കളുമടങ്ങിയ വലിയ സദസ്സ് ശുശ്രൂഷകളിൽ പങ്കെടുത്തു. റ്റി.എം.എം. നെ ഓർത്ത് പ്രാർത്ഥിക്കണം.

# ഗൗരി നമ്പൂതിരിപ്പാട് കർതൃസന്നിധിയിൽ ചേർക്കപ്പെട്ടു.



ഡോ. കെ.എൻ. നമ്പൂതിരിപ്പാട് മകൻ നാരായണൻ എന്നിവരോടൊപ്പം ഗൗരി അന്തർജനം *(ഫയൽ ചിത്രം)*

**പട്ടാമ്പി:** തിരുവല്ല മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ ഡയറക്ടറായിരുന്ന പട്ടാമ്പി കുറ്റനാട് കൂടല്ലൂർ മനയിൽ ഡോ. കെ.എൻ. നമ്പൂതിരിപ്പാടിന്റെ സഹധർമ്മിണി ശ്രീമതി ഗൗരി അന്തർജനം (92) കർതൃസന്നിധിയിൽ ചേർക്കപ്പെട്ടു.

മൂത്ത മകനോടൊപ്പം കോയമ്പത്തൂരിൽ താമസിച്ചിരുന്ന ഗൗരി അന്തർജനം കോയമ്പത്തൂർ ബ്രദറൺ സഭാ കൂട്ടായ്മയിലായിരുന്നു. ജൂൺ 18 ശനി രാവിലെ 10 ന് കൂടല്ലൂർ മനയിൽ നടന്ന സംസ്കാര ശുശ്രൂഷയിൽ ബ്രദർ എം.എ. ജോയി പ്രത്യാശാദൂത് നൽകി. ബ്രദർ എം.എ. ജോസ് ശുശ്രൂഷയ്ക്ക് നേതൃത്വം വഹിച്ചു. പട്ടാമ്പി സഭയുടെ മുഖ്യ ചുമതലയിലും പരിസരങ്ങളിലുള്ള ബ്രദറൺ സഭകളുടെയും കർതൃദാസന്മാരായ പി.യു. തോമസ്, റ്റി.വി. സൈമൺ എന്നിവരുടെയും സഹകരണത്തിലുമാണ് ശുശ്രൂഷകൾ നിർവ്വഹിച്ചത്.

ഇംഗ്ലണ്ടിൽവച്ച് കർത്താവിനെ രക്ഷകനായി കണ്ടെത്തിയ ഡോ.കെ.എൻ. നമ്പൂതിരിപ്പാടിനൊപ്പം വിശ്വാസസത്യങ്ങളിലും ബ്രദറൺ കൂട്ടായ്മയിലും ഒടുവോളം ധൈര്യത്തോടെ നിലനിന്ന ധീരവനിതയായിരുന്നു ഗൗരി അന്തർജ്ജനം.

## സി.എ. സാമുവേൽ നിത്യതയിൽ ചേർക്കപ്പെട്ടു.



പത്തനംതിട്ട സുവിശേഷാലയ സെക്രട്ടറിയും ബി.ബി.ഐ അക്കൗണ്ടന്റും ബ്രദറൺ സൺഡേസ്കൂൾ പാഠാവലി കമ്മറ്റിയംഗവുമായിരുന്ന ഉഴത്തിൽ സി.എ. സാമുവേൽ (75) കർതൃസന്നിധിയിൽ ചേർന്നു. ബ്ലഡ് ക്യാൻസർ ബാധിച്ച് 5 വർഷമായി ചികിത്സയിൽ ആയിരുന്ന തന്റെ അന്ത്യം ജൂൺ 11 ന് വെളുപ്പിന് 5.30 ന് പുഷ്പഗിരി ഹോസ്പിറ്റലിൽ ആയിരുന്നു.

മധ്യപ്രദേശിൽ റവന്യു വിഭാഗത്തിൽ ജോലിയിലായിരുന്നു. ചുരുങ്ങിയ കാലം ബഹറിനിലും ഔദ്യോഗികവൃത്തിയിൽ ഏർപ്പെട്ടു. കുറിയന്നൂർ താന്നിപ്പുറത്തൂട്ട് റ്റി.സി. മാത്യുവിന്റെ മകൾ ബറ്റിയാണ് ഭാര്യ. മനു, മനോജ്, മധു, മഞ്ജു എന്നിവരാണ് മക്കൾ. 1989 ൽ നാട്ടിലെത്തി സുവിശേഷാലയത്തിന്റെ പ്രവർത്തനങ്ങളിൽ ചുമതല വഹിച്ചു. കഴിഞ്ഞ 27 വർഷങ്ങൾ ബി.ബി.ഐയുടെ അക്കൗണ്ടന്റായി പ്രവർത്തിച്ചു.

ജൂൺ 12 ഞായർ 2 ന് നടന്ന സംസ്കാരശുശ്രൂഷയിൽ നിരവധി കർതൃദാസന്മാരും വിശ്വാസികളും പങ്കെടുത്തു. ബ്രദർ സണ്ണി റ്റി. ഫിലിപ്പ് ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ബ്രദർ വർഗീസ് കുര്യൻ ആശ്വാസദൂത് നൽകി. ഡോ. കെ. സി. ജോൺസൻ സെമിത്തേരിയിലെ ശുശ്രൂഷകൾക്ക് നേതൃത്വം വഹിച്ചു.

ബഥനി ബൈബിൾ സ്കൂൾ സെക്രട്ടറിയും ആത്മപ്രകാശിനിയുടെ മാനേജരുമായ സി.എ ജോർജ്ജ് സഹോദരനും സുവിശേഷപ്രസംഗകൻ പി.ജി. ജയിംസ് സഹോദരീ പുത്രനുമാണ്.

# ഹോസ്പിറ്റൽ മിനിസ്ട്രീസ് 32–ാം വർഷത്തിലേക്ക്

**റാന്നി:** ബ്രദർ ചാൾസ് ജോണിന്റെ നേതൃത്വത്തിൽ ആരംഭിച്ച ഹോസ്പിറ്റൽ മിനിസ്ട്രീസ് 32–ാം വർഷത്തിലേക്ക് പ്രവേശിച്ചു. മാർച്ച് 22 ന് നടന്ന് സ്തോത്രസമ്മേളനത്തിൽ തിരുവല്ല മെഡിക്കൽ മിഷൻ ചാപ്പലയിൽ ബ്രദർ ഏബ്രഹാം തോമസ് വചനസന്ദേശം നൽകി.

ആഴ്ചയിൽ രണ്ടുദിവസം സഹോദരീസഹോദരന്മാർ ഹോസ്പിറ്റലുകളിൽ സുവിശേഷപ്രവർത്തനങ്ങൾ നടത്തുന്നു. ട്രാക്റ്റും ബുക്കുലറ്റും നൽകുക. രോഗികൾക്കായി പ്രാർത്ഥിക്കുക, സുവിശേഷം പങ്കുവയ്ക്കുക എന്നിവയാണ് മുഖ്യശുശ്രൂഷകൾ. കർത്താവിനെ അംഗീകരിക്കുന്നവരെ അനുധാവനപ്രവർത്തനങ്ങളിലൂടെ കൂടുതൽ ആത്മീക സത്യങ്ങൾ ഗ്രഹിപ്പിക്കുന്നു.

ആയിരക്കണക്കിന് ട്രാക്റ്റുകളും ബുക്കുകളും ഈ ശുശ്രൂഷയ്ക്ക് ആവശ്യമുണ്ട്. പ്രിന്റിംഗ് ആവശ്യങ്ങൾ സ്പോൺസർ ചെയ്യുവാൻ താൽപര്യമുള്ളവർക്ക് സ്വാഗതം. ഈ ശുശ്രൂഷയെ ഓർത്ത് പ്രാർത്ഥിക്കയും വേണ്ട പ്രോത്സാഹനങ്ങൾ നൽകുകയും ചെയ്യുവാൻ ആവശ്യമുണ്ട്. ജയിംസ് തോമസ്, സ്കറിയാ ജോൺ, പി.കെ. മാത്യു എന്നിവർ ഹോസ്പിറ്റൽ മിനിസ്ട്രീസിന് പ്രധാനമായും നേതൃത്വം നൽകുന്നു. Charles John, Punnammoottil, Pazhavangadi P.O, Ranny 689 673

# പ്ലസ്ടു ക്യാമ്പ് തിരുവല്ലയിൽ നടന്നു

**തിരുവല്ല:** 12–ാം ക്ലാസ്സിൽ പരീക്ഷ എഴുതിയ ശേഷം പ്രഫഷണൽ കോഴ്സുകൾക്കും ബിരുദ പഠനങ്ങൾക്കും ചേരാൻ കാത്തിരിക്കുന്ന വിദ്യാർത്ഥിനീ വിദ്യാർത്ഥികൾക്ക് ജീവിതത്തിന് സമഗ്രമായ മാർഗ്ഗനിർദ്ദേശം നൽകുന്ന പ്ലസ്ടു ക്യാമ്പ് 2016 ജൂൺ 6 മുതൽ 13 വരെ ചുമത്ര ബ്രദറൺ സഭയുടെ സഹകരണത്തിൽ തിരുവല്ലയിൽ നടന്നു. ആത്മിക പരിശീലനവും വിദ്യാഭ്യാസ, തൊഴിൽ, കുടുംബമേഖലകളിൽ ദൈവഹിതത്തിൽ ജീവിക്കുവാനാവശ്യമായ നിർദ്ദേശങ്ങളും ലഭിക്കുന്ന ഈ ക്യാമ്പിൽ മുതിർന്ന ദൈവദാസന്മാരുടേതുൾപ്പെടെയുള്ള ക്ലാസ്സുകൾ, ബൈബിൾ പഠന രീതികളെപ്പറ്റിയും പ്രഫഷണൽ കോഴ്സുകളിൽ പഠിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ തുടങ്ങിയവയെപ്പറ്റിയുള്ള നിർദ്ദേശങ്ങൾ, മിഷൻ ടൂർ ഇവയും ഉണ്ടായിരിക്കും. ശിഷ്യത്വപരിശീലനത്തിനും വ്യക്തിവികാസത്തിനും ഊന്നൽ നൽകിയാണ് ക്യാമ്പ് പ്രോഗ്രാം ചെയ്തത്. നിരവധി വിദ്യാർത്ഥിനീ വിദ്യാർത്ഥികൾ പങ്കെടുത്തു.

Plus two Camp P.O. Box:4, Kuttapuzha, Thiruvalla 689 103, Tel: 9447360417, 9745017815. Email: tmtvla@gmail.com

*കെ. തോമസ് മാത്യു*

## ഇംഗ്ലീഷ് മീഡിയം ബൈബിൾ സ്കൂൾ

**കൊല്ലം:** സോദരീ ഭവനിൽ നടത്തിവരുന്ന ഒരു വർഷത്തെ ഇംഗ്ലീഷ് മീഡിയം ബൈബിൾ സ്കൂൾ 2016 ജൂൺ 18–ന് ആരംഭിക്കുന്നു. ഈ കോഴ്സിൽ ചേർന്നു പഠിക്കുവാൻ ആഗ്രഹിക്കുന്നവർ എത്രയും വേഗം സെക്രട്ടറിയുമായി ബന്ധപ്പെടുക.

*ജോയ്സ് മാത്യു*
*(0474–2744846, 9446107172)*

## ഗുഡ് റ്റൈഡിംഗ്സ് അബുദബിയിൽ

അബുദാബി : ബ്രദറൺ അസംബ്ലി അബുദാബി ഒരുക്കുന്ന 'ഗുഡ് റ്റൈഡിംഗ്സ് 2016' ഗോസ്പൽ കൺവൻഷൻ ജൂൺ 20,21,22 എന്നീ തീയതികളിൽ അബുദാബി ഇവാഞ്ചലിക്കൽ ചർച്ച് സെന്ററിലും 'വചന മാധുരി 2016' ജൂൺ 28,29, 30 ജൂലൈ 01 തീയതികളിൽ മുസ്സഫ ബ്രദറൺ ചർച്ച് സെന്ററിലും നടക്കുന്നതാണ്. സഹോദരന്മാരായ കനകരാജ് (തിരുവനന്തപുരം), ജയ്മോൻ (അൾവർ) എന്നിവർ വചനം സംസാരിക്കുന്നു. സഹോദരന്മാരായ ജോൺലി ചാൾസും, ലിജു ഫിലിപ്പും ഗാനശുശ്രൂഷ നിർവ്വഹിക്കുന്നു. പ്രാർത്ഥനയിൽ ഓർത്താലും.

*എ.സി. തോമസ്, ജോൺ തോമസ്*

## സൺഡേസ്കൂൾ വാർഷികവും സ്നാനശുശ്രൂഷയും

**വെണ്ണിക്കുളം:** വെണ്ണിക്കുളം ഇമ്മാനുവേൽ ക്രിസ്ത്യൻ അസംബ്ലിയുടെ സൺഡേസ്കൂൾ വാർഷികവും 4 പേരുടെ സ്നാനശുശ്രൂഷയും ജൂൺ 19 ന് അനുഗ്രഹകരമായി നടന്നു. ബ്രദർ രാജു. കെ. തോമസ് സന്ദേശം നൽകി. ബ്രദർ സി.എം. ചാക്കോ സ്നാനശുശ്രൂഷ നിർവ്വഹിച്ചു. കുട്ടികളുടെ പരിപാടികൾ സമ്മേളനത്തെ അനുഗ്രഹമാക്കി. സഭയെയും പ്രവർത്തനങ്ങളെയും പ്രാർത്ഥനയിൽ ഓർത്താലും

**സി.എം. ചാക്കോ.**

## കെ.ഇ.എം. ഫണ്ട് അറിയിപ്പ്

**അഡ്രസ് ബുക്ക്**

ഫണ്ടിലൂടെ സഹായം ലഭിച്ചുകൊണ്ടിരിക്കുന്ന സുവിശേഷകന്മാരുടെ വിലാസം, ടെലഫോൺ നമ്പർ, ഇ.മെയിൽ ഐഡി ഇവ ചേർത്ത് പുതിയ അഡ്രസ് ബുക്ക് പ്രസിദ്ധീകരിക്കുന്നു. മാറ്റമുള്ളവർ ദയവായി ഉടനെ അറിയിക്കണം.

**യു.എസ്. ചെക്കുകൾ**

2016 ഏപ്രിൽ 1 മുതൽ ഇന്ത്യയിലെ ട്രസ്റ്റുകൾക്ക് യു.എസ് ചെക്കുകൾ കേന്ദ്രനിയമപ്രകാരം ബാങ്കുകൾ മാറിക്കൊടുക്കുന്നില്ല. കെ.ഇ.എം. ഫണ്ടിന്റെ പ്രധാന വരുമാനമാർഗ്ഗമായിരുന്നു അമേരിക്കയിലെ മലയാളികളായ ബ്രദറൺ സഹോദരീ സഹോദരന്മാരുടെ സഹായം. അടിയന്തര പ്രാർത്ഥന ആവശ്യമുണ്ട്.

**ബാങ്ക് വിശദാംശങ്ങൾ**

ഇൻഡ്യൻ ഓവർസീസ് ബാങ്കിന്റെ കമ്പ്യൂട്ടർ നവീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ഒരു തവണകൂടി സുവിശേഷകന്മാർ തങ്ങളുടെ പേര്, ബാങ്കിന്റെ പേര്, ബ്രാഞ്ച്, ഐ.എഫ്.എസ്. കോഡ്, ഫോൺ നമ്പർ ഇവ ഇംഗ്ലീഷിൽ എഴുതി ഓഫീസിലേക്ക് അയയ്ക്കണം. kemfund@ gmail.com എന്ന വിലാസത്തിലും അയയ്ക്കാം.

**ട്രസ്റ്റ് രജിസ്ട്രേഷൻ**

കേന്ദ്ര ഗവർമെന്റിന്റെ ട്രസ്റ്റ് ആക്ട് അനുസരിച്ച് ഫണ്ടു പ്രവർത്തനം തുടർന്നു പോകാൻ രജിസ്റ്റർ ചെയ്യേണ്ടത് അടിയന്തര ആവശ്യമായിരുന്നു. കെ.ഇ.എം. ഫണ്ടിന് സർക്കാരിന്റെ രജിസ്ട്രേഷൻ ലഭിച്ചു എന്നത് സ്തോത്രത്തിനായി അറിയിക്കുന്നു.

**Secretrary, K.E.M. Fund,**
**Kumbanadu P.O.,**
**Thiruvalla 689549,**
**www.kemfund.org**
**kemfund@ gmail.com**

PRINTED,PUBLISHED & OWNED BY RAJU K. THOMAS AND PRINTED AT COCHIN PRINTEC, ERNAKULAM KERALA . AND PUBLISHED FROM RAJU K. THOMAS, KALLOTH RIVER VIEW, VADASHERIKKARA P.O., PATHANAMTHITTA DIST. KERALA-689 662. EDITOR: C.T. JOHNY KUTTY